# വീട്ടമ്മവികസനത്തിനപ്പുറത്തേക്ക്:

## തദ്ദേശതലവികസനത്തിൽ തൊഴിലാളിസ്ത്രീകളുടെ ആവശ്യങ്ങളും ശബ്ദങ്ങളും ഉൾപ്പെടുത്താൻ ഒരു സമ്മർദ്ദരേഖ

**CENTRE FOR DEVELOPMENT STUDIES**
(Under the aegis of Govt. of Kerala & Indian Council of Social Science Research)
Thiruvananthapuram

സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിലെ തദ്ദേശസ്വയംഭരണഗവേഷണ യൂണിറ്റ് 2018 നവംബർ 17, 18 തീയതികളിൽ നടത്തിയ വട്ടമേശ ചർച്ചയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ രേഖ.

# വീട്ടമ്മവികസനത്തിനപ്പുറത്തേക്ക്: തദ്ദേശതലവികസനത്തിൽ തൊഴിലാളിസ്ത്രീകളുടെ ആവശ്യങ്ങളും ശബ്ദങ്ങളും ഉൾപ്പെടുത്താൻ ഒരു സമ്മർദ്ദരേഖ

സെൻറർ ഫോർ ഡവലപ്മെൻറ് സ്റ്റഡീസിലെ തദ്ദേശസ്വയംഭരണ ഗവേഷണ യൂണിറ്റിന്റെ മുൻകൈയിൽ കേരളത്തിലെ സ്ത്രീതൊഴിലാളി സംഘടനാപ്രവർത്തകരും കേരളത്തിലെ സ്ത്രീകളെക്കുറിച്ച് ഗവേഷണം നടത്തുന്നവരും വികസനപ്രവർത്തകരും ഈ വിഷയത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്ന മറ്റുള്ളവരും ചേർന്ന് നടത്തിയ കൂടിയിരിപ്പുകളിലൂടെയും കൂടിയാലോചനകളിലൂടെയുമാണ് ഈ സമ്മർദ്ദരേഖ ഉരുത്തിരിഞ്ഞത്. ഇത് ഏതെങ്കിലും ഒരു വ്യക്തിയുടെ മാത്രം സൃഷ്ടി അല്ല. അഥവാ, ഈ പ്രക്രിയയിൽ പങ്കെടുത്ത എല്ലാവരുടേയും കൂട്ടായ സൃഷ്ടിയാണിത്. ഈ പരിശ്രമത്തിൽ ഞങ്ങളെ സഹായിച്ച എല്ലാവർക്കും നിറഞ്ഞ നന്ദി.

ഈ പ്രക്രിയയിൽ പങ്കുചേർന്നവരിൽ കോഴിക്കോട് പ്രവർത്തിച്ചു വരുന്ന അസംഘടിത മേഖലാതൊഴിലാളി യൂണിയൻ നേതാക്കൾ, തിരുവനന്തപുരത്തെ പുരോഗമന സാംസ്കാരിക സംഘം മഹിളാവേദിയിൽ അംഗങ്ങളായ തൊഴിലാളികൾ, സേവാ കേരള നേതാക്കൾ, മുതലക്കുളം അലക്കുതൊഴിലാളികൾ, കോഴിക്കോടും തീരുവനന്തപുരത്തുമുള്ള കുടുംബശ്രീ തൊഴിലാളികൾ, തിരുവനന്തപുരത്തു നിന്നുള്ള ട്രാൻസ് വനിതാതൊഴിലാളികൾ, തിരുവനന്തപുരത്തു നിന്നുള്ള ഗാർഹികതൊഴിലാളികൾ, കച്ചവടമേഖലാ തൊഴിലാളികൾ എന്നിവരോട് ഞങ്ങൾക്ക് വലിയ കടപ്പാടുണ്ട്. ഇതുകൂടാതെ ഈ വിഷയത്തെ സസൂക്ഷ്മം നിരീക്ഷിക്കുന്ന അനവധി ഗവേഷകർ അവരുടെ ഉൾക്കാഴ്ചകൾ പങ്കുവെച്ചു. നീതാ എൻ, പ്രവീണാ കോടോത്ത്, നീതി പി, മീരാ വേലായുധൻ എന്നിവർക്ക് പ്രത്യേകം നന്ദി. ചർച്ചയിൽ പങ്കെടുത്ത എല്ലാ പഞ്ചായത്ത് പ്രവർത്തകർക്കും ശാസ്ത്രസാഹിത്യപരിഷത് പ്രവർത്തകർക്കും സ്നേഹം, നന്ദി.

**ജെ. ദേവിക**

(തദ്ദേശസ്വയംഭരണ ഗവേഷണ യൂണിറ്റിനു വേണ്ടി)

**നവംബർ 2018**
**സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസ്, തിരുവനന്തപുരം**

*സമീപനം*

*കേരളത്തിലെ തദ്ദേശവികസനം സ്ത്രീകൾക്ക് നൽകുന്ന പരിഗണന ഇന്ന് ലോകപ്രസിദ്ധമാണ്. വർദ്ധിച്ച പ്രാതിനിധ്യത്തിലൂടെയും വികസനവിഭവങ്ങളുടെ സുവ്യക്തമായ പങ്ക് മാറ്റി വയ്ക്കുന്നതിലൂടെയും കേരളത്തിലെ വികേന്ദ്രിതവികസനം സ്ത്രീകളെ വികസനരംഗത്തിന്റെ മുൻപന്തിയിൽ എത്തിക്കാൻ ശ്രമിച്ചിട്ടുണ്ട്. എന്നാൽ ഈ പരിശ്രമങ്ങൾ സമ്മിശ്രഫലമാണ് കണ്ടിരിക്കുന്നത്. മലയാളിസ്ത്രീകളുടെ തൊഴിൽപങ്കാളിത്തവും തൊഴിൽസേനാപങ്കാളിത്തവും ഇന്നും ആശങ്കാജനകമാം വിധം കുറവായിത്തുടരുന്നു. മാത്രമല്ല, അസംഘടിതമേഖലയിൽ തുറന്നുകിട്ടിയ തൊഴിലവസരങ്ങൾ പലപ്പോഴും അവരെ ശക്തിവിഹീനരാക്കുന്നു. അസംഘടിത- അനൗപചാരിക മേഖലകളിൽ തൊഴിലെടുക്കുന്ന സ്ത്രീകളുടെ നില ഇന്ന് വളരെ ദയനീയമത്രെ. കേരളത്തിൽ അതിദാരിദ്ര്യഭീഷണി അനുഭവിക്കുന്ന കുടുംബങ്ങൾ പലപ്പോഴും സ്ത്രീകൾ അസ്ഥിരവും അദ്ധ്വാനപൂർണവും കുറഞ്ഞ പ്രതിഫലം മാത്രം കിട്ടുന്നതുമായ മേഖലകളിൽ പണിയെടുത്തുകൊണ്ട് ഒറ്റയ്ക്ക് പോറ്റുന്നവയാണ്. തദ്ദേശതലവനിതാവികസനത്തിൽ ഈ തൊഴിലാളിസ്ത്രീകൾ വേണ്ടത്ര പരിഗണിക്കപ്പെടുന്നില്ല എന്ന് തദ്ദേശ വനിതാവികസനഫണ്ടുകൾ ചെലവഴിക്കുന്ന രീതികൾ സൂചിപ്പിക്കുന്നു. അതായത്, ഇന്ന് അവിടെ നടക്കുന്നത് 'വീട്ടമ്മവികസന'മാണെന്ന് ഏറെക്കുറേ പറയാം അതായത് വീട്ടുജോലികളിലും ഉത്തരവാദിത്വങ്ങളിലും മുഴുകുന്നവരും അധികവും ഭർത്താവിന്റെ വരുമാനത്തെ ആശ്രയിക്കുന്നവരുമായ വനിതകളുടെ ആവശ്യങ്ങളും സൗകര്യവുമാണ് പലപ്പോഴും ബോധപൂർവ്വമോ അല്ലാതെയോ വനിതാവികസനത്തിൽ പരിഗണിക്കപ്പെടുന്നത്. ഈ പ്രവണത പൊതുവേ സ്ത്രീകളുടെ താത്പര്യങ്ങൾക്ക് ഹാനികരമാണെന്നു മാത്രമല്ല, കേരളവികസനത്തിന്റെ മുഖ്യപ്രശ്നങ്ങളിൽ ഒന്നായി കണക്കാക്കപ്പെടുന്ന സ്ത്രീകളുടെ തൊഴിലില്ലായ്മയെ നേരിടാനും ഇതു നമ്മെ സഹായിക്കുന്നില്ല. പൊതുവെ സ്ത്രീകളെ തൊഴിൽവിപണിയിലെത്തിക്കാനും, അസംഘടിത-അനൗപചാരിക മേഖലകളിൽ പണിയെടുക്കുന്ന സ്ത്രീകളുടെ ആവശ്യങ്ങളെയും ശബ്ദങ്ങളെയും പ്രത്യക്ഷമാക്കാനും അവരെ തദ്ദേശവികസനആസൂത്രണത്തിന്റെ അവിഭാജ്യഭാഗമാക്കിത്തീർക്കേണ്ടതുണ്ട്. ഈ ലക്ഷ്യത്തെ മുൻനിർത്തിയാണ് ഞങ്ങൾ ഈ സമ്മർദ്ദരേഖ അവതരിപ്പിക്കുന്നത്.*

1990കളിൽ പിറവികൊണ്ട കാലം മുതൽക്കു തന്നെ കേരളത്തിലെ തദ്ദേശസ്വയംഭരണസംവിധാനം ലിംഗാധികാര അസമത്വങ്ങളെ നേരിടാൻ പ്രതിജ്ഞാബദ്ധമായിരുന്നുവെന്നത് ലോകം മുഴുവൻ ഇന്നും മലയാളികളുടെ യശസ്സുയർത്തുന്നുണ്ട്. തദ്ദേശഭരണസമിതികളിലെ സ്ത്രീപ്രാതിനിധ്യവും വനിതാഘടകപദ്ധതിയും കുടുംബശ്രീയുടെ സുപ്രധാനമായ സാന്നിദ്ധ്യവും മറ്റുമാണ് ആ ചർച്ചകളിൽ മിക്കപ്പോഴും ഉയർന്നുവന്ന വിഷയങ്ങൾ. തീർച്ചയായും ഈ ശ്രമങ്ങൾ അങ്ങേയറ്റം ശ്ളാഘനീയങ്ങൾ തന്നെ. കേരളീയവനിതകൾക്ക് പൊതുരംഗത്തേയ്ക്കു കടക്കാനുള്ള വഴി തുറന്നിട്ടതിലൂടെ ദീർഘകാലത്തിൽ മലയാളിസ്ത്രീകൾക്ക്, പ്രത്യേകിച്ച് താരതമ്യേന കുറഞ്ഞ സാമൂഹ്യമെച്ചങ്ങൾ മാത്രം അനുഭവിക്കുന്ന സ്ത്രീകൾക്ക്, പുതിയ ഇടങ്ങളും ശബ്ദങ്ങളും നേടിയെടുക്കാൻ ഇത് ഇടയായേക്കുമെന്നതിൽ തർക്കമില്ല.

എന്നാൽ ഹ്രസ്വകാലയളവിൽ, വികസനത്തിന്റെ മൂർത്ത പ്രശ്നങ്ങളിൽ കേരളം കൈക്കൊണ്ട ഈ പരിശ്രമങ്ങൾ സ്ത്രീകളെ ശാക്തീകരിച്ചു എന്നു അസന്നിഗ്ദ്ധമായി പറയാൻ കഴിയില്ല. ഇന്ത്യൻ സാഹചര്യങ്ങളുമായി തട്ടിച്ചുനോക്കിയാൽ നമുക്ക് മെച്ചങ്ങളുണ്ടെങ്കിലും ഈ പോരായ്മ നിലനിൽക്കുന്നു. അതിനെ അവഗണിക്കാനാവില്ല.

ഉദാഹരണത്തിന്, ലിംഗപരമായ അനീതികളെ അകറ്റുന്ന, കുറയ്ക്കുന്ന ലിംഗാധികാര പ്രതിരോധത്തിനുതകുന്ന-ബജറ്റ്നിർമ്മാണരീതികൾ എങ്ങും ഇത്ര കാലമായിട്ടും സ്ഥാപനവത്ക്കരിക്കപ്പെട്ടിട്ടില്ല. കേരളത്തിൽ സംസ്ഥാനതലത്തിൽ 2009ൽ വനിതാവികസനപദ്ധതികൾക്കുവേണ്ടി ബജറ്റ്തുകയുടെ 5.5 ശതമാനം നീക്കിവച്ചുകൊണ്ടാണ് ലിംഗനീതിനിഷ്ഠമായ ബജറ്റ് നിർമ്മാണശ്രമങ്ങൾക്ക് തുടക്കം കുറിച്ചത്. ഈ സമയത്ത് ഇവിടുത്തെ തദ്ദേശഭരണ സംവിധാനത്തിൽ മൊത്തം ബജറ്റിന്റെ 10 ശതമാനം വനിതാഘടകപദ്ധതിയ്ക്കായി മാറ്റി വയ്ക്കുന്നത് പതിവുരീതിയായി മാറിയിരുന്നു. 2010-11ൽ സംസ്ഥാനബജറ്റിൽ വനിതാവികസത്തിനുള്ള ഫണ്ടുകൾ 8.5 ശതമാനമായി ഉയർന്നു. എങ്കിലും സർക്കാരുകൾ മാറുന്ന മുറയ്ക്ക് ഈ മുൻകൈകൾ ഏറിയും കുറഞ്ഞുമാണിരിക്കുന്നത്. 2011ൽ നാലാം സാമ്പത്തിക കമ്മിഷൻ വനിതാഘടകപദ്ധതിയെ ശക്തിപ്പെടുത്താനും ലിംഗനീതിനിഷ്ഠമായ ബജറ്റുകൾക്ക് സ്റ്റാറ്റ്യൂട്ടറി അംഗീകാരം നൽകാനും തയ്യാറായി. എന്നാൽ ഇക്കാര്യത്തിൽ തുടർനടപടികളൊന്നും കാര്യമായി ഉണ്ടായില്ല.

കേരളത്തിലെ തദ്ദേശവികസനത്തിന്റെ ആദ്യനാളുകളിൽ സ്ത്രീകൾക്കായി ചില പ്രത്യേക ഇടങ്ങളും അവസരങ്ങളും സൃഷ്ടിക്കപ്പെട്ടിരുന്നു. ഉദാഹരണത്തിന്, ഗ്രാമസഭകളിലും വാർഡുസഭകളിലും വികസനസെമിനാറിലും ലിംഗപദവിവിഷയങ്ങൾ ചർച്ച ചെയ്യാൻ പ്രത്യേക വിഷയഗ്രൂപ്പുകൾ, വനിതാവികസനപദ്ധതികൾക്കായുള്ള പ്രത്യേക ടാസ്ക്ഫോഴ്സ്, പദ്ധതികളുടെ ജെന്റർ ഇംപാക്ട് സ്റ്റേറ്റുമെന്റുകൾ, വനിതാപദ്ധതികൾക്ക് വികസനരേഖയിൽ പ്രത്യേക അദ്ധ്യായം, ഇതൊക്കെ വിഭാവനം ചെയ്യപ്പെട്ടിരുന്നു. എന്നാൽ ഇവയുടെ നടത്തിപ്പിൽ കാര്യമായ പാളിച്ചകൾ ഉണ്ടായിട്ടുണ്ട്. അല്ലെങ്കിൽ അവ യാഥാർത്ഥ്യമാക്കപ്പെട്ട രീതികളിൽ കാര്യമായ പോരായ്മകൾ ഉണ്ടായി. എന്തായാലും, ഈ ഇടങ്ങൾ ലിംഗാധികാരത്തെ കുറയ്ക്കും വിധത്തിലുള്ള വികസനത്തെപ്പറ്റി ക്രിയാത്മകമായി ചിന്തിക്കാനുള്ള വേദികളായി ഇനിയും മാറിയിട്ടില്ല. കേരളത്തിൽ സ്ത്രീകൾക്കായുള്ള വികസനം അധികവും ഇന്നും സ്വയംസഹായ പദ്ധതികളും മൈക്രോവായ്പയുമാണ്.

സ്ത്രീകളെ തദ്ദേശവികസനത്തിൽ പങ്കാളികളാക്കുക എന്ന മുദ്രാവാക്യം യഥാർത്ഥത്തിൽ വീട്ടമ്മമാരെയല്ലേ ഉദ്ദേശിച്ചതെന്ന സംശയമാണ് ഇതുളവാക്കുന്നത്. അതു ശരിവയ്ക്കുന്ന വിധത്തിലുള്ള തെളിവുകളാണ് ഗവേഷണപ്രബന്ധങ്ങളിൽ നിന്നു ലഭിക്കുന്നത്. കേരളത്തിലെ സ്ത്രീകളുടെ തൊഴിലില്ലായ്മയും കുറഞ്ഞ തൊഴിൽപങ്കാളിത്തനിരക്കും, അടുത്തകാലത്ത് കുറഞ്ഞുകൊണ്ടിരിക്കുന്ന തൊഴിൽസേനാപങ്കാളിത്തം തന്നെയും, വളരെ ആശങ്കകൾ ഉയർത്തുന്നുണ്ടെങ്കിലും തദ്ദേശവികസനത്തിൽ തൊഴിലെടുക്കുന്ന സ്ത്രീകൾക്കു ലഭിക്കുന്നത്

വളരെ തുച്ഛമായ പരിഗണന മാത്രമാണെന്നാണ് മിക്ക പഠനങ്ങളും നൽകുന്ന സൂചന. തദ്ദേശതലത്തിൽ വീട്ടമ്മമാരെ സ്വയംതൊഴിൽരംഗത്തേയ്ക്ക് ആനയിക്കാൻ വൻതുകകൾ നീക്കിവയ്ക്കുന്നെങ്കിലും ഫലം ഇപ്പോഴും സമ്മിശ്രമെന്നേ പറയാനാകൂ. തൊഴിൽരംഗമാകട്ടെ, സ്ത്രീകളെ സംബന്ധിച്ചിടത്തോളം കൂടുതൽക്കൂടുതൽ അസ്ഥിരമായിരിക്കുന്നു; കുറഞ്ഞകൂലി മാത്രം ലഭിക്കുന്ന, സുരക്ഷിതത്വം തീരെ ഇല്ലാത്ത, ഇടമായിത്തന്നെ അതു തുടരുന്നു (George 2013, Neethi 2015). ഇങ്ങനെ നോക്കുമ്പോൾ  വീട്ടിനു പുറത്തു തൊഴിലെടുക്കുന്ന സ്ത്രീകളുടെ സവിശേഷമായ ആവശ്യങ്ങളെയും പ്രശ്നങ്ങളെയും പരിഗണിക്കുന്ന രീതിയിലല്ല കേരളത്തിലെ തദ്ദേശസർക്കാരുകൾ വനിതാഘടകപദ്ധതികളും  പൊതുവേ മറ്റെല്ലാ വികസനപദ്ധതികളും ആസൂത്രണം ചെയ്യുന്നത്.

ഇത് തിരുത്തുക എന്നത് സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള വികസനത്തിനുതന്നെ അതിപ്രധാനമായ വിഷയമാണെന്ന തിരിച്ചറിവ് ഉണ്ടാകേണ്ടിയിരിക്കുന്നു. സ്ത്രീകളെ തൊഴിൽരംഗത്ത് എത്തിക്കാനും അവരെ അവിടെ നിലനിർത്താനുമുള്ള ശ്രമങ്ങൾ സ്ത്രീകൾക്കു മാത്രമല്ല, കേരളത്തിത്തിന്റെ സാമ്പത്തികരംഗത്തിനാകെ നിർണായകങ്ങളാണ്. ദാരിദ്ര്യ നിർമ്മാർജനത്തിലും ഇത് സുപ്രധാനമാണ്. അസംഘടിത-അനൗപചാരികമേഖലയിൽ തൊഴിലെടുക്കുന്ന സ്ത്രീകളും അവർ നയിക്കുന്ന കുടുംബങ്ങളും അതിദരിദ്രരോ അതിദാരിദ്ര്യഭീഷണി നിരന്തരം നേരിടുന്നവരോ ആണെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു (Devika et al 2011).

ഈ വിഷയത്തെപ്പറ്റി സമീപകാലത്ത് പ്രസിദ്ധീകരിക്കപ്പെട്ട ഒരു ഗവേഷണപഠനം പൊതുവേ സ്ത്രീകൾക്കു ഗുണകരമായ വികസനത്തിനായി താരതമ്യേന കുറഞ്ഞതുക മാത്രമേ സംസ്ഥാനവും തദ്ദേശഭരണസംവിധാനവും ചെലവഴിക്കുന്നുള്ളൂ എന്ന് ചൂണ്ടിക്കാണിക്കുന്നു (Nisha and John 2018). 2007 മുതൽ 2010 വരെയുള്ള വർഷങ്ങളിൽ തദ്ദേശതലത്തിൽ സ്ത്രീകളെ ഉദ്ദേശിച്ചു നടത്തിയ ചെലവുകളിൽ കാര്യമായ തുകകൾ ഒറ്റയ്ക്കു കുടുംബം പുലർത്തുന്ന സ്ത്രീകളെ ഉദ്ദേശിച്ചുള്ള ഗൃഹനിർമ്മാണപദ്ധതികൾ (2007 ൽ മൊത്തം ചെലവുകളിൽ ഏകദേശം 60 ശതമാനത്തിനു മുകളിൽ), സ്വയംതൊഴിൽ, തൊഴിൽപരിശീലനം, വിവാഹച്ചെലവുകൾ മുതലായവയ്ക്കു വേണ്ടിയാണ് ചെലവഴിക്കപ്പെട്ടത്. എന്നാൽ കൃത്യമായ വിവരങ്ങളുടെ അഭാവം മൂലം ഈ വിഷയത്തെപ്പറ്റിയുള്ള ഗൗരവതരമായ അന്വേഷണം പ്രയാസമാണുതാനും.

പദ്ധതികളിൽ ബഹുഭൂരിപക്ഷവും വീട്ടമ്മമാരെ ഉദ്ദേശിച്ചുള്ളവയാണ്. പലപ്പോഴും കുടുംബശ്രീയുടെ സാമ്പത്തികപ്രവർത്തനങ്ങളെ സഹായിക്കാൻ മാത്രമാണ് ഈ ഫണ്ടുകൾ ചെലവഴിക്കപ്പെടുന്നത്. ഇതു സ്വതവേ അനാശാസ്യമാകണമെന്നില്ല, മാത്രമല്ല, വീട്ടുത്തരവാദിത്വങ്ങൾ അധികവും പേറുന്നവർ എന്ന നിലയ്ക്ക് തൊഴിലാളിസ്ത്രീകൾ പലപ്പോഴും ഇവയുടെ ഗുണഭോക്താക്കൾ ആകുന്നുമുണ്ട്. എന്നാൽ ഇപ്പറഞ്ഞ ഇനങ്ങളിൽ ചിലതെങ്കിലും തുച്ഛവരുമാനവും അല്പവിഭവങ്ങളും മാത്രമുള്ള തൊഴിലാളിസ്ത്രീകളെ മോശമായിത്തന്നെ ബാധിക്കാൻ സാദ്ധ്യതയുണ്ട്. ഉദാഹരണത്തിന്, ഗൃഹനിർമ്മാണസഹായം പലപ്പോഴും ദരിദ്രകുടുംബങ്ങളെ കാര്യമായ കടക്കെണിയിലേയ്ക്ക് വലിച്ചിഴയ്ക്കുന്നതായി കാണാം. ഭൂമി ഏറ്റവും വിലപിടിപ്പുള്ള

മുതലായി മാറിയിരിക്കുന്ന മലയാളിസമൂഹത്തിൽ, ചെറിയ തുണ്ടുഭൂമികൾക്കു മേൽപോലും ബാങ്കുകളുടെയും മറ്റു സാമ്പത്തികസ്ഥാപനങ്ങളുടെയും കണ്ണുപതിഞ്ഞുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, ദരിദ്രരായസ്ത്രീകൾക്ക് അപര്യാപ്തമായ ഗൃഹനിർമ്മാണസഹായം വലിയ പ്രത്യാഘാതങ്ങളുണ്ടാക്കാൻ ഇടയുണ്ട്. സർക്കാരിന്റെ മിക്ക തലങ്ങളിലും സ്ത്രീകൾക്കു നൽകപ്പെടുന്ന പദ്ധതികളുടെയും വിഭവങ്ങളുടെയും വലുപ്പവും സ്വഭാവവും ഈവിധത്തിലാണ് സ്ത്രീകളിൽ വ്യത്യസ്തവിഭാഗക്കാരെ വ്യത്യസ്ഥമായി ബാധിക്കുന്നതും അവരിൽ ചിലരെ ചിലപ്പോൾ ഹനിക്കാൻ പോലും ഇടവരുത്തുന്ന വിധത്തിൽ. ആഗസ്റ്റ് 2018ൽ കേരളത്തെ ബാധിച്ച മഹാപ്രളയവും മലയിടിച്ചിലും കണക്കിലെടുത്താൽ ഇപ്പറഞ്ഞതിന്റെ പ്രാധാന്യം പലമടങ്ങ് വർദ്ധിച്ചുവെന്ന് പറയാൻ കഴിയും. സ്ത്രീകൾക്കു ലഭിച്ച ദുരിതാശ്വാസം പലപ്പോഴും പലിശരഹിതവായ്പയായും കുറഞ്ഞവിലയ്ക്ക് ഗൃഹോപകരണങ്ങൾ ലഭ്യമാക്കലും മറ്റുമാണ്. എന്നാൽ വികസനപ്രക്രിയയിൽ സ്ത്രീശബ്ദങ്ങൾ തൊഴിൽലഭ്യതയുടെ പ്രാധാന്യത്തെ ഊന്നിപ്പറയാൻ ശ്രമിക്കുന്നു.

തദ്ദേശതല ഇടപെടലുകൾ സ്ത്രീകളെ വേതനാദ്ധ്വാനത്തിലെത്തിക്കുന്നത് വിപണിയിൽ സ്ത്രീതൊഴിലാളികൾക്കു ലഭിക്കുന്ന വേതനത്തെ ഉയർത്തുന്നുവെന്നും അവരുടെ സമ്പാദ്യത്തെ മെച്ചപ്പെടുത്തുന്നുവെന്നും ഗവേഷണം കാണിക്കുന്നു. കേരളത്തിൽ തൊഴിലുറപ്പു പദ്ധതി ഈ വിധത്തിൽ സ്ത്രീകളെ  തൊഴിൽസേനയിൽ പങ്കാളികളല്ലെന്ന് സ്വയം കരുതുന്ന സ്ത്രീകളെപ്പോലും  തൊഴിൽരംഗത്ത് എത്തിച്ചുവെന്ന് രത്നാ സുദർശൻ വാദിക്കുന്നു (2009).

കേരളത്തിലെ തീരപ്രദേശങ്ങളിൽ നിന്ന് ദരിദ്രസ്ത്രീകൾ 1950കൾ മുതൽ വിദേശത്തേയ്ക്ക് തൊഴിലാളികളായി പോകുന്നുണ്ട്. എന്നാൽ വൈവാഹികജീവനം ഇവിടുത്തെ 'മാന്യസ്ത്രീത്വ' ത്തിന്റെ മുഖമുദ്രയായി കരുതപ്പെടുന്നതുകൊണ്ടുതന്നെ ഈ ചരിത്രം ഇന്നും അദൃശ്യമായിത്തുടരുന്നു. പതിന്മടങ്ങ് കൂടുതൽ കൂലി നേടിയെങ്കിലും, കുടുംബങ്ങൾക്ക് അവർ അയച്ച വളരെ ഉയർന്ന തുകകൾ ഏറെ ഗുണകരമായെങ്കിലും, 1980കളുടെ ഒടുക്കം വരെയെങ്കിലും (അതായത് ഏജൻസികൾ സർവസാധാരണമായ കാലം വരെ) അർഹിക്കുന്ന അംഗീകാരം അവർക്ക് ലഭിച്ചിരുന്നില്ല. സാമൂഹ്യഭ്രഷ്ടും ഒറ്റപ്പെടലും ഇവർ സഹിക്കുന്നുവെന്നു മാത്രമല്ല, ഇവരിൽ മുതിർന്നവർ കടുത്ത അരക്ഷിതാവസ്ഥയാണ് നേരിടുന്നത്. ദീർഘകാലം സ്വന്തം കുടുംബങ്ങളിൽ നിന്ന് അകന്ന് ജീവിച്ച അവർക്ക് പലപ്പോഴും വൈകാരികമായ ഒറ്റപ്പെടലും അനുഭവിക്കേണ്ടിവരുന്നു. ഇവരുടെ സമ്പാദ്യം ഏതാണ്ടു മുഴുവൻ കുടുംബങ്ങൾക്കായി വലിയ വീടുകൾ പണിയാനോ പുരുഷന്മാരായ കുടുംബാംഗങ്ങളുടെ ഉപജീവനം മെച്ചപ്പെടുത്താനോ ആണ് പ്രയോജനപ്പെട്ടത്. വീട്ടിലെ പുരുഷന്മാരുടെ നിയന്ത്രണത്തിനു കീഴിൽ ശ്വാസംമുട്ടി ജീവിക്കുകയും എന്നാൽ സ്വന്തം സമ്പാദ്യം തീരെയില്ലാതാവുകയും ചെയ്യുന്ന പ്രതിസന്ധിയിലാണവർ പലരും. വിദേശത്തു പണിയെടുത്തതിന്റെ പേരിൽ സഹിക്കുന്ന അപമാനം വേറെയും.

ഇന്നാണെങ്കിൽ സ്ത്രീകൾക്ക് തീരെ അനുകൂലമല്ലാത്ത കുടിയേറ്റവ്യവസ്ഥകൾക്ക് കീഴിൽ കുടിയേറാൻ ശ്രമിക്കുന്ന സ്ത്രീതൊഴിലാളികൾ പലതരം തട്ടിപ്പുകാരുടെ കുതന്ത്രങ്ങൾക്ക് വിധേയരാകുന്നുണ്ട്. തെറ്റായ വിവരങ്ങൾ അവരെ തടയുന്നു, ഇതുമൂലം കുടിയേറ്റത്തിനാവശ്യമായ ചെലവ് കൂടിയിട്ടുമുണ്ട്. കുടിയേറ്റം കൊണ്ടുള്ള ലാഭം കുറഞ്ഞുകൊണ്ടിരിക്കുന്നു. ഇങ്ങനെയൊക്കെയാണെങ്കിലും പുരുഷാധികാരകുടുംബത്തിന്റെ ഭാരം മുഴുവൻ അവരുടെ മേൽത്തന്നെയാകുന്നതുകൊണ്ട് സ്ത്രീകൾ ഈ വഴി ഇപ്പോഴും ആരാഞ്ഞുകൊണ്ടിരിക്കുന്നു. വീട്ടുജോലിക്കാരായി കുടിയേറിയ സ്ത്രീകളിൽ പകുതിയിലധികലും അവിവാഹിതരോ വിധവകളോ ഉപേക്ഷിക്കപ്പെട്ടവരോ ആണെന്നത് അപ്രതീക്ഷിതമല്ല. പ്രവീണാ കോടോത്ത് കുടിയേറ്റത്തൊഴിലാളികളായ മലയാളിസ്ത്രീകളുമായി നടത്തിയ അഭിമുഖങ്ങളിൽ പലപ്പോഴും മോശമായ കുടുംബാന്തരീക്ഷം മൂലമാണ് (അതുകൊണ്ടു മാത്രമാണ്) തങ്ങൾ കുടിയേറ്റത്തിന് തുനിഞ്ഞതെന്നു പറഞ്ഞുകൊണ്ട് സ്വയംന്യായീകരിക്കേണ്ട സാമൂഹ്യസമ്മർദ്ദം സ്ത്രീതൊഴിലാളികൾ അനുഭവിക്കുന്നുവെന്ന് നിരീക്ഷിക്കുന്നു. നാട്ടിൽത്തന്നെ മാന്യവും മതിയായ വരുമാനം ലഭിക്കുന്നതുമായ തൊഴിൽ ലഭിച്ചിരുന്നെങ്കിൽ ഇന്ന് നിയമവിരുദ്ധമായ മാർഗങ്ങളിലൂടെ കുടിയേറ്റത്തിനു ശ്രമിക്കുന്ന സ്ത്രീകളുടെ എണ്ണം വളരെ ചുരുക്കമായിരുന്നേനെ.

കേരളത്തിലെ തൊഴിൽരംഗത്ത് 1990കളിലുണ്ടായ മാറ്റങ്ങളാണ് ഇതിന്റെയെല്ലാം വിശാല പശ്ചാത്തലം. സംഘടിതമേഖലയിൽ പ്രവർത്തിക്കുന്ന പുരുഷനായ തൊഴിലാളിയായിരുന്നു ഇക്കാലത്തിനു മുൻപുള്ള തൊഴിലാളിനയത്തിന്റെയും തൊഴിൽവ്യവഹാരങ്ങളുടെയും കേന്ദ്രത്തിൽ. 1990കൾക്കു ശേഷം ഈ പുരുഷരൂപത്തിനു പകരം സർക്കാരിന്റെ. മുൻകൈയിലുള്ള സാമൂഹ്യശാക്തീകരണശ്രമങ്ങളുടെ കേന്ദ്രത്തിലേയ്ക്ക് സ്വയംസഹായ ഉദ്യമങ്ങളിലേക്ക് നയിക്കപ്പെട്ട വനിതകൾ-വീട്ടമ്മമാർ-ഉയർത്തപ്പെട്ടു. ഇവരെ നവ ഉദാരവാദവ്യവസ്ഥിതിയുടെ ചൂഷണത്തിനിരയാകുന്ന പുതിയ തൊഴിലാളികളായല്ല, മറിച്ച് കേവലം 'സ്ത്രീകളായാണ്' അല്ലെങ്കിൽ 'വീട്ടമ്മമാരാ'യാണ് കേരളത്തിലെ പ്രബല ഇടതുകക്ഷികൾ പോലും എണ്ണിയത്. ഇന്ന് കേരളത്തിൽ തൊഴിലാളിസ്ത്രീകളും അവരുടെ പ്രശ്നങ്ങളും വളരെക്കുറച്ചു മാത്രമേ ചർച്ചചെയ്യപ്പെടുന്നുള്ളൂ. ലിംഗ-അസമത്വങ്ങൾ മൂലം അവർ അനുഭവിക്കുന്ന സവിശേഷ പ്രശ്നങ്ങളെപ്പറ്റി ചിന്തിക്കാനും പ്രവർത്തിക്കാനും 1980കളിൽ പലരുമുണ്ടായിരുന്നു. ഇടതുപക്ഷത്തെ പ്രബലരായ വനിതാനേതാക്കളും, മുഖ്യധാരാ ഇടതുപക്ഷത്തിനു പുറത്ത് ഉടലെടുത്ത സേവാ കേരള പോലുള്ള തൊഴിലാളി-സ്ത്രീസംഘടനകളും അന്നുണ്ടായിരുന്നു. ഇന്ന് ഈ ശബ്ദങ്ങളെയെല്ലാം മറികടന്ന് സ്വയംതൊഴിൽ ചെയ്യുന്ന വീട്ടമ്മമാരെപ്പറ്റിയാണ് ചർച്ച അധികവും. 'അതിജീവനത്തിന്റെ സ്ത്രൈണവത്ക്കരണം' എന്ന് വിളിക്കപ്പെട്ട ആഗോളവ്യാപകമായ പ്രതിഭാസം കേരളത്തിലും പ്രകടമായിത്തുടങ്ങിയ കാലത്തുണ്ടായ വികസനപ്രതികരണമാണിതെന്ന് വേണമെങ്കിൽ വാദിക്കാവുന്നതാണ് (Sassen 2000).

ഒറ്റയ്ക്കു കുടുംബം പുലർത്തുന്ന സ്ത്രീകൾക്ക്, അതായത്, മിക്കവാറും സ്ത്രീതൊഴിലാളികൾക്ക്, പലപ്പോഴും കുടുംബശ്രീ പ്രയോജനപ്പെടുന്നില്ല എന്നു ചില സമീപകാലപഠനങ്ങൾ

കാണിക്കുന്നുണ്ട് (Scaria 2014). ആദിവാസിമേഖലയിൽ ഇത്തരം പ്രശ്നങ്ങളുള്ളതായി പൊതുവേ അംഗീകരിക്കപ്പെടുന്നെങ്കിലും കേരളത്തിന്റെ സാംസ്കാരിക മുഖ്യാധാരാസമൂഹത്തിന് സമീപത്തു തന്നെ ജീവിച്ചുവരുന്നവരായ പാർശ്വവത്കൃതവിഭാഗങ്ങളുടെ കാര്യത്തിലും ഇതു സത്യമാണെന്ന് വടക്കാഞ്ചേരിയെ കേന്ദ്രീകരിച്ചു നടന്ന ഈ പഠനം സൂചിപ്പിക്കുന്നു. വീട്ടമ്മമാരുടെ സൗകര്യപ്രകാരമാണ് മിക്ക കുടുംബശ്രീ കൂടിച്ചേരലുകളും നടക്കുന്നതെന്നും നിക്ഷേപത്തുക പലപ്പോഴും അവർക്ക് താങ്ങാനാകുന്നില്ലെന്നും ഇക്കൂട്ടർ ഗവേഷകയോടു പറയുന്നു. 1990കളിലുണ്ടായ ചാരായനിരോധനം മൂലം സാമ്പത്തികാവസരങ്ങൾ നഷ്ടപ്പെട്ട ചേരിനിവാസികളായ ദരിദ്രസ്ത്രീകളെ സംബന്ധിച്ചിടത്തോളം സ്വയംസഹായത്തിലൂടെ ലഭ്യമായ അവസരങ്ങൾ തികച്ചും അപര്യാപ്തങ്ങളായിരുന്നെന്ന് ദേവികയുടെ പഠനം സൂചിപ്പിക്കുന്നു (2016). കേരളത്തിലെ ഒരു നഗരപ്രദേശത്തെ ചന്തയിലെ ചുമട്ടുതൊഴിലാളികളും ഓട്ടോറിക്ഷാതൊഴിലാളികളുമായ പുരുഷന്മാർ നേരിടുന്ന ഉപജീവന-ലിംഗപ്രതിസന്ധികളുടെ തീവ്രതയെ കുറയ്ക്കുന്നതിന് അവരുടെ സ്ത്രീകളുടെ കുടുംബശ്രീപ്രവർത്തനം സഹായിക്കുന്നുണ്ടെങ്കിലും കുടുംബക്ഷേമത്തിന്റെ ഉത്തരവാദിത്വം മുഴുവൻ അത് സ്ത്രീകളുടെ ചുമലിലേക്കു കയറ്റിവയ്ക്കുകയും ചെയ്യുന്നുവെന്നും, അതിദരിദ്രരായ സ്ത്രീകൾക്ക് കുടുംബശ്രീയുടെ പൂർണഫലം ലഭിക്കുന്നില്ലെന്നും ആബർഗ് നിരീക്ഷിക്കുന്നു (2018). ഇങ്ങനെ പുറത്താകുന്നവരും പൂർണഫലം ലഭിക്കാത്തവരുമായ സ്ത്രീകൾ പലപ്പോഴും പട്ടികജാതി വിഭാഗക്കാരാണെന്നത് അപ്രതീക്ഷിതവുമല്ല.

തദ്ദേശവികസനത്തിലൂടെ സ്ത്രീകളിലേക്ക് ഒഴുകിയെത്തുന്ന വിഭവങ്ങൾ തൊഴിലാളിസ്ത്രീകളുടെ സവിശേഷങ്ങളായ ആവശ്യങ്ങളെ പരിഗണിക്കുംവിധം എങ്ങനെ ചെലവഴിക്കാമെന്ന ചോദ്യമാണ് ഞങ്ങൾ ഇവിടെ ഉയർത്തുന്നത്. തദ്ദേശഭരണതലത്തിൽ ലിംഗനീതിനിഷ്ഠമായ ബജറ്റ് രീതി സ്ഥാപിക്കേണ്ടതാണെന്ന് പതിമൂന്നാം പദ്ധതിയെ സംബന്ധിച്ച ചർച്ചകളിൽ സർക്കാർവക്താക്കൾ വ്യക്തമാക്കിയിരുന്നു. വ്യത്യസ്ഥസാമൂഹ്യ-സാമ്പത്തിക സാഹചര്യങ്ങളിൽ നിന്നുള്ള വനിതകളുടെ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുംവിധമാണ് ഇതു തയ്യാറാക്കേണ്ടതെന്നും അവർ നിർദ്ദേശിക്കുന്നു. വീട്ടമ്മമാരുടെ ആവശ്യങ്ങൾ മാത്രമല്ല, തൊഴിലെടുക്കുന്ന സ്ത്രീകളുടെയും ട്രാൻസ്ജെന്റർ വനിതകളുടെയും പ്രശ്നങ്ങൾ കൂടി കണക്കിലെടുത്തുകൊണ്ടു വേണം ലിംഗനീതിനിഷ്ഠമായ ബജറ്റുകളും മറ്റ് ആസൂത്രണവും വിഭാവനം ചെയ്യാൻ, നടപ്പിലാക്കാൻ, എന്ന് സർക്കാർ വക്താക്കൾ അംഗീകരിക്കുന്നു.

ഈ ശ്രമത്തിലേക്കുള്ള സംഭാവനയായി ഈ സമ്മർദ്ദരേഖയെ കണക്കാക്കാവുന്നതാണ്. പതിമൂന്നാം പദ്ധതിയിൽ ജെന്റർ വിഷയത്തിൽ ഊന്നൽ നൽകുന്ന മേഖലകൾ നിപുണതാവികസനം, തൊഴിൽവർദ്ധനവ്, ദാരിദ്ര്യവും മറ്റു സാമൂഹ്യപിന്നോക്കാവസ്ഥകളും അനുഭവിക്കാൻ കൂടുതൽ സാദ്ധ്യതയുള്ളവരായ സ്ത്രീകളെ ഉന്നംവച്ചുകൊണ്ടുള്ള ഉപജീവന സുരക്ഷ എന്നിവയാണ്. ആ സ്ഥിതിക്ക് ഇപ്പോൾത്തന്നെ ഇത്തരം അപകടസാദ്ധ്യതയെ നേരിടുന്നവരും തൊഴിൽരംഗത്തുള്ളവരുമായ സ്ത്രീകളുടെ വിഷയങ്ങളും ആവശ്യങ്ങളും

പരിഗണിക്കപ്പെടാൻ സമ്മർദ്ദം ചെലുത്തേണ്ടതുണ്ട്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, വനിതാഘടകപദ്ധതിയിലും ഇവിടെ പൊതുവെ നിലവിലുള്ള വനിതാവികസനപ്രവർത്തനങ്ങളിലും ഇന്ന് പ്രകടമായിരിക്കുന്ന 'വീട്ടമ്മമാർക്ക്/സ്ത്രീകൾക്ക് ക്ഷേമവിഭവങ്ങൾ കൊടുക്കുക' എന്ന യാഥാസ്ഥിതികസ്വഭാവത്തെ ഉപേക്ഷിച്ച് 'സ്ത്രീകളെ തൊഴിൽരംഗത്ത് എത്തിക്കുക, അവിടം സ്ത്രീകൾക്ക് ആകർഷകമാക്കുക' എന്ന പുതിയതും പുരോഗമനപരവുമായ മുദ്രാവാക്യത്തെ ഏറ്റെടുക്കുംവിധം അതിനെ മാറ്റിപ്പണിയാൻ നല്ലൊരു അവസരമാണിത്.

മറ്റൊരു പ്രധാനവിഷയം കുടുംബശ്രീ സ്വയംസഹായ പ്രവർത്തനങ്ങളിലും തദ്ദേശഭരണ സ്ഥാപനത്തിന്റെ വികസനപ്രവർത്തനങ്ങളുടെ നടത്തിപ്പുകാരുമായ സ്ത്രീകളെയും തൊഴിലാളികളായി കണക്കാക്കേണ്ടതിനെപ്പറ്റിയാണ്. സ്വയംസഹായവ്യവഹാരത്തിനുള്ളിൽ പൂർണമായും അദൃശ്യമാക്കപ്പെടുന്ന അദ്ധ്വാനമാണിത്. ലോകത്തിന്റെ പലഭാഗങ്ങളിൽ നിന്നുമുള്ള ഗവേഷണം ഇവയെ സ്ത്രീകൾ ചെയ്യുന്ന പുതിയതരം അദ്ധ്വാനമായി (അല്ലെങ്കിൽ ദരിദ്രസ്ത്രീകൾ മുൻപു തന്നെ ചെയ്തിരുന്ന ചില്ലറ ഉത്പാദനത്തിന്റെ പുതിയ രൂപമായി) കാണണമെന്നാണ് നിർദ്ദേശിക്കുന്നത്. ഇവയിലേർപ്പെടുന്ന സ്ത്രീകൾ തങ്ങളുടെ പൊതുജീവിതത്തെക്കുറിച്ച് രൂപീകരിക്കുന്ന ധാരണകളെ കേൾക്കുന്നത് പ്രധാനമാണ്, അതുപോലെ വിശാലരാഷ്ട്രീയ-സാമ്പത്തികപശ്ചാത്തലത്തിൽ അവർ ചെയ്യുന്ന അദ്ധ്വാനത്തെ സൂക്ഷ്മമായി മനസ്സിലാക്കേണ്ടതുമുണ്ട്.

പതിമൂന്നാം പദ്ധതിയോടനുബന്ധിച്ച് കേരളസംസ്ഥാന ആസൂത്രണബോർഡിന്റെ മുൻകൈയിൽ തയ്യാറാക്കപ്പെട്ട രേഖയിൽ ജന്റർ വർക്കിങ്ഗ്രൂപ്പ് സമർപ്പിച്ച അദ്ധ്യായത്തിൽ (WGGD 2017) അസംഘടിതമേഖലയിൽ തൊഴിലെടുക്കുന്ന സ്ത്രീകൾ അനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് മുന്തിയ പ്രാധാന്യം നൽകിയിരിക്കുന്നു. ഈ അദ്ധ്യായത്തിൽ എടുത്തുപറയുന്ന കാര്യങ്ങൾ ശ്രദ്ധേയങ്ങളാണ്. ഒന്ന്, 15–29 വയസ്സുവരെ പ്രായമുള്ള സ്ത്രീകൾ ജോലിക്കു പോകുന്നത് താരതമ്യേന വിരളമായാണ്. അപ്പോൾ ജോലിക്കു പോകുന്ന സ്ത്രീകളിൽ ബഹുഭൂരിപക്ഷവും കുടുംബഉത്തരവാദിത്വങ്ങൾ വഹിക്കുന്നവരാണ്. കുടുംബബാദ്ധ്യതകൾ മൂലം സൗകര്യമുള്ള സ്ഥലം, സമയം മുതലായവ ശരിയാകാതെ ജോലിക്കു പോകാനുള്ള സാഹചര്യം വളരെപ്പേർക്കില്ല. ജീവിതമാർഗം തൊഴിലിനെക്കാളധികം വിവാഹമാകുമ്പോൾ ഗാർഹിക പീഡനവും മർദ്ദനവും മറ്റും സഹിക്കേണ്ട സാദ്ധ്യത വർദ്ധിക്കുന്നു.

ഈ നിരീക്ഷണങ്ങളിൽ നിന്ന് നാമിന്ന് വളരെ സാധാരണമെന്നു കരുതുന്ന പല വികസന പ്രവർത്തനങ്ങളും സ്ത്രീകളുടെ ദീർഘകാലനന്മയക്ക് ഉതകുന്നവയല്ലെന്നു വ്യക്തമാകുന്നു. ഉദാഹരണത്തിന് തദ്ദേശവികസനത്തിലെ വനിതാവികസനഫണ്ടുകൾ വിവാഹസഹായത്തിനായി ചെലവഴിക്കുന്നത് വിനിയോഗമല്ല, ദുർവിനിയോഗമാണെന്നുതന്നെ പറയേണ്ടിവരുന്നു. കാരണം, വിവാഹം സ്ത്രീകളുടെ ജീവിതനന്മയെ ഉറപ്പാക്കുന്നുവെന്ന് കാണിക്കുന്ന യാതൊരു തെളിവുമില്ല, മറിച്ച് ധാരാളമുണ്ടുതാനും. സാമൂഹ്യവും സാമ്പത്തികവുമായ ഇല്ലായ്മ അനുഭവിക്കുന്ന സ്ത്രീകൾക്ക് വിവാഹം പലപ്പോഴും അസ്ഥിരവും അരക്ഷിതവുമായ

ജീവിതമാണ് നൽകുന്നതെന്നും ഗവേഷണപഠനങ്ങളിൽ സൂചനയുമുണ്ട് (Abraham and Devika 2014). മാത്രമല്ല, പലപ്പോഴും സ്ത്രീകൾ തൊഴിൽ തേടുന്നതു തന്നെ തീരെ ദുർബലമായ അവസ്ഥകളിലാണ്. വിധവയാകുമ്പോഴോ ഭർത്താവാൽ ഉപേക്ഷിക്കപ്പെടുമ്പോഴോ ഗാർഹികപീഡനം സഹിക്കവയ്യാതെ വരുന്ന സമയത്തോ ഒക്കെയാണ് സ്ത്രീകൾ പലപ്പോഴും സ്വന്തമായ വരുമാനം തേടുന്നത്. അപ്പോൾ കൂലി കുറയുന്നതും ജോലിഭാരമേറുന്നതും പ്രതീക്ഷിതം മാത്രം. ലൈംഗികചൂഷണമടക്കം മറ്റുതരം ചൂഷണങ്ങളും സഹിക്കേണ്ട സാദ്ധ്യത ഉയരുമെന്നും തീർച്ച.

വ്യവസായമേഖലകളിൽ അസംഘടിതമേഖലയിലായതുകൊണ്ടു മാത്രം സ്ത്രീകൾ അദൃശ്യരായിപ്പോകുന്നതിനെക്കുറിച്ചും ഈ അദ്ധ്യായം പരാമർശിക്കുന്നു (WGGD 2017). നഗരപ്രദേശങ്ങളിലെ സ്ത്രീതൊഴിലാളികൾ അനുഭവിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് വിശദമായി പ്രതിപാദിക്കുന്നു. വ്യാപാരമേഖലയിൽ പ്രവർത്തിക്കുന്ന സ്ത്രീകളുടെ അടിസ്ഥാനാവകാശങ്ങളടക്കം ലംഘിക്കപ്പെടുന്നുതും ലൈംഗികചൂഷണമടക്കമുള്ള പ്രശ്നങ്ങൾക്ക് ദൃശ്യത പോലും കിട്ടാതെ വരുന്നതും ഈ അദ്ധ്യായത്തിൽ പരാമർശിക്കപ്പെടുന്നു. കുറഞ്ഞ കൂലി, കൃത്യമായ വിശ്രമസമയം, സ്ഥിരമായ ജോലിസമയം, ഇവയൊന്നും നൽകപ്പെടുന്നില്ലെന്നു മാത്രമല്ല, എല്ലാ തൊഴിൽനിയമങ്ങളെയും മറികടക്കുന്ന തരത്തിലാണ് തൊഴിലുടമകൾ പലപ്പോഴും പ്രവർത്തിക്കുന്നത്. തൊഴിൽരജിസ്റ്ററിൽ പോലും പേരു വരാത്തതുകൊണ്ട് പരിമിതമായ ക്ഷേമവിഭവങ്ങൾ പോലും ലഭിക്കാത്ത അവസ്ഥയിലാണ് തൊഴിലാളിസ്ത്രീകൾ (WGGD2017). അതിവേഗം നഗരവത്ക്കരിക്കപ്പെടുന്ന കേരളത്തിൽ വ്യാപാരമേഖല കാര്യമായി വികസിക്കുകയും 'സ്ത്രൈണത' ആവശ്യമാണെന്നു കരുതപ്പെടുന്നതും കുറഞ്ഞ കൂലി മൂലം പുരുഷന്മാർ ഉപേക്ഷിച്ചതുമായ ജോലികളിലേക്ക് സ്ത്രീകൾ പ്രവേശിച്ചതുമാണ് ഇതിന്റെ പശ്ചാത്തലം. ഈ മോശമായ സാഹചര്യങ്ങൾ മൂലമാണ് സ്ത്രീകൾ തൊഴിൽ രംഗത്തേയ്ക്കു വരാൻ മടിക്കുന്നതെന്ന് സംശയമില്ല, അതുകൊണ്ടു തന്നെ അനൗപചാരിക- അസംഘടിത മേഖലയിൽ പ്രവർത്തിക്കുന്ന സ്ത്രീകളുടെ പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിക്കേണ്ടതുണ്ട്.

ഇതേ മേഖലകളിൽ പണിയെടുക്കുന്ന ട്രാൻസ് വനിതകളുടെ അവസ്ഥ അവർണനീയമാം വിധം സങ്കടകരമാണെന്നു വ്യക്തം. താമസിക്കാൻ വീടില്ലാത്തതുകൊണ്ട് താരതമ്യേന മാന്യമെങ്കിലും കുറഞ്ഞ വരുമാനം മാത്രം ലഭിക്കുന്ന ജോലികളിൽ തുടരാനാവാതെ വിഷമിക്കുന്ന ട്രാൻസ് വനിതകളുടെ ദുരനുഭവങ്ങൾ സമീപകാലത്ത് വാർത്താമാദ്ധ്യമങ്ങളിൽ നിറഞ്ഞിരുന്നു അവരിൽ മദ്ധ്യവർഗാംഗങ്ങളും അഭ്യസ്തവിദ്യരുമായ, സാമൂഹ്യഭ്രഷ്ടിനെ അതിജീവിക്കാനുള്ള സാമൂഹ്യമൂലധനമുള്ളവർക്കാണ് ഈ സാദ്ധ്യതകളെ കൂടുതൽ നിലനിർത്താനാവുന്നതെന്ന് വ്യക്തമാണ്. ഞെട്ടിപ്പിക്കുന്നയളവിലുള്ള ശാരീരിക-മാനസിക-ലൈംഗിക പീഡനമാണ് ട്രാൻസ് വനിതകൾ പൊതുവിടത്തിൽ അനുഭവിക്കുന്നത്. ട്രാൻസ് വിഭാഗക്കാരല്ലാത്ത തൊഴിലാളിസ്ത്രീകൾ അനുഭവിക്കുന്നതു പോലുള്ള ചൂഷണവും സാമൂഹ്യഭ്രഷ്ടും ഇക്കൂട്ടർ പതിന്മടങ്ങ് തീവ്രതയിൽ അനുഭവിക്കുന്നു, മാത്രമല്ല, നാട്ടിൽ പരക്കെയുള്ള ട്രാൻസ്ഭീതിയേയും അവർ നേരിടേണ്ടിവരുന്നു. അതിനാൽ പതിന്മടങ്ങ് രൂക്ഷമായ അരികുവത്ക്കരണത്തിനു വിധേയരാണവർ.

സ്വയംതൊഴിൽ ചെയ്യുന്നവർ, അനൗപചാരികമേഖലാതൊഴിലാളികൾ, അസംഘടിതമേഖലാതൊഴിലാളികൾ എന്നിവരുടെ കാര്യത്തിൽ തദ്ദേശസർക്കാരുകൾ നിർവഹിക്കേണ്ട പങ്ക് വലുതാണെന്നത് തർക്കമറ്റ വസ്തുതയാണ്. എന്നാൽ പല വീഴ്ചകളും ഇക്കാര്യത്തിൽ ഉണ്ടാകുന്നുണ്ടെന്ന് തീർച്ചയാണ്. ഉദാഹരണത്തിന്, തീരമൈത്രി പദ്ധതിപ്രകാരം മത്സ്യവിൽപന നടത്തുന്ന സ്ത്രീകൾക്ക് ശീതീകരിച്ച വാഹനങ്ങൾ അനുവദിച്ചെങ്കിലും ഈ വാഹനങ്ങളിലിരുന്നുകൊണ്ട് വഴിയോരക്കച്ചവടം നടത്താൻ തദ്ദേശസർക്കാരുകൾ അവരെ അനുവദിച്ചില്ല (WGGD 2017). വഴിയോരക്കച്ചവടക്കാരായ സ്ത്രീകൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ തദ്ദേശസർക്കാരുകൾ വേണ്ടത്ര കണക്കിലെടുക്കുന്നില്ല എന്നും വ്യക്തം. അതുപോലെ തന്നെയാണ് ഗാർഹികവേലയിൽ ഏർപ്പെടുന്നവരുടെയും പരിചരണതൊഴിലാളികളുടെയും കാര്യം. ഇക്കൂട്ടരുടെ ക്ഷേമവും സുരക്ഷയും ഏറ്റവും ഫലപ്രദമായി കൈകാര്യം ചെയ്യാൻ കഴിയുന്നത് തദ്ദേശതലത്തിൽ തന്നെ പൊതുതെരെഞ്ഞെടുപ്പിലൂടെ അധികാരത്തിലേറിയ, ഭരണഘടനാപരമായ ഉത്തരവാദിത്വമുള്ള തദ്ദേശസ്ഥാപനങ്ങളാണ് ഇതു ചെയ്യേണ്ടത്. പോലീസ് വഴിയുള്ള മോണിറ്ററിങ് തൊഴിൽദാതാവിന്റെ പക്ഷത്താണു നിൽക്കുന്നത്. തൊഴിലാളിയുടെ പക്ഷത്തുനിന്നുള്ള മോണിറ്ററിങ് നടത്തേണ്ടത് തദ്ദേശജനാധിപത്യത്തിന്റെ സിരാകേന്ദ്രങ്ങളായ തദ്ദേശഭരണസ്ഥാപനങ്ങൾ ആണ്.

പദ്ധതിവിഭവങ്ങൾ ചെലവഴിക്കുന്നതിൽ ഏറ്റവും പിന്നിൽനിൽക്കുന്നത് നഗരസഭകളെന്ന് മുൻപു സൂചിപ്പിച്ച ഒരു പഠനം എടുത്തുപറയുന്നു (Nisha and John 2018). ഇതിന് ഈ ചർച്ചയിൽ പ്രത്യേകപ്രസക്തിയുണ്ട്. കാരണം, നഗരപ്രദേശങ്ങളിലോ നഗരവത്ക്കരിക്കപ്പെടുന്ന പ്രദേശങ്ങളിലോ ആണ് വ്യാപാരവും മറ്റു അസംഘടിതമേഖലാസാമ്പത്തികപ്രവർത്തനങ്ങളും വികസിച്ചുകൊണ്ടിരിക്കുന്നത്. ഇന്ന് അസംഘടിതമേഖലയിൽ പ്രവർത്തിക്കുന്നവരായ തൊഴിലാളിസ്ത്രീകൾ നരകതുല്യമായ ജോലിസാഹചര്യങ്ങൾക്കെതിരെ സമരം ചെയ്യുകയും പരസ്യപ്രതിഷേധം നടത്തുകയും ചെയ്യുന്നത് നഗരസഭാപരിധിക്കുള്ളിൽ വരുന്ന സ്ഥലങ്ങളിലാണ്. ഈ തദ്ദേശസർക്കാരുകൾ തങ്ങൾക്കു ലഭ്യമായ വിഭവങ്ങൾ ഭാവനാപൂർണമായി ചെലവഴിച്ചാൽ കഠിനമായ ചൂഷണം സഹിക്കേണ്ടിവരുന്ന അസംഘടിതമേഖലാതൊഴിലാളിസ്ത്രീകളുടെ സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ കഴിയേണ്ടതാണ്. അടിയോടെയുള്ള മാറ്റം ഇതിന് ആവശ്യം തന്നെയാണ്. Shops and Establishments Act, Contract Labour Act എന്നിവയെ അസംഘടിതമേഖലാതൊഴിലാളികളുടെ പ്രത്യേകപ്രശ്നങ്ങളെ അഭിസംബോധന ചെയ്യുംവിധത്തിൽ മാറ്റേണ്ടതുണ്ട്. പക്ഷേ തദ്ദേശതലത്തിൽ തന്നെ ചെയ്യാവുന്ന പലതുമുണ്ട്. ട്രാൻസ് വനിതകളായ തൊഴിലാളികളെ സംബന്ധിച്ചും ഏറ്റവും ഫലപ്രദമായ ഇടപെടലുകൾ നടത്താൻ പ്രാപ്തമായ സ്ഥാപനങ്ങൾ നഗരസഭകളും മുനിസിപ്പാലിറ്റികളും തന്നെയാണ്. കാരണം, പൊതുവെ നാട്ടിലും വീട്ടിലും അനുഭവിക്കേണ്ടി വരുന്ന ഒറ്റപ്പെടലിൽ നിന്നും സാമൂഹ്യഭ്രഷ്ടിൽ നിന്നും രക്ഷപെടാനായി പലപ്പോഴും നഗരങ്ങളിൽ അഭയം പ്രാപിക്കുന്നവരാണ് കേരളത്തിലെ ട്രാൻസ് ജനങ്ങൾ.

പതിമൂന്നാം  പദ്ധതിയ്ക്കായി തയ്യാറാക്കിയ രേഖയുടെ ജന്റർ അദ്ധ്യായത്തിൽ നിർദ്ദേശിക്കപ്പെട്ട നയനിർമ്മാണസാദ്ധ്യതകൾ ഓരോന്നും കൂടുതൽ വിശദമായി ചർച്ച ചെയ്യേണ്ടതാണ്. അവയെ പ്രായോഗികതലത്തിൽ കൊണ്ടുവരേണ്ടുന്നതെങ്ങനെ എന്നതിനെപ്പറ്റി കൂട്ടായി ആലോചിക്കേണ്ടതുമുണ്ട്. നാലു വിശാലനയനിർദ്ദേശങ്ങളാണ് താഴെ സൂചിപ്പിക്കുന്നത്.

1. സ്ത്രീതൊഴിലാളികൾക്കായി പ്രത്യേകം സാമൂഹ്യസുരക്ഷാപദ്ധതികൾ ആവിഷ്ക്കരിക്കുക.
2. പരിചരണപരമായ ഉത്തരവാദിത്വങ്ങൾ സ്വന്തം വീടുകളിൽ നിർവഹിക്കുന്നവരാണ് കേരളത്തിലെ തൊഴിലാളിസ്ത്രീകളെന്നതു കൊണ്ട് മേൽത്തരം പരിചരണ സൗകര്യങ്ങൾ താമസസ്ഥലത്തിന് അടുത്തുതന്നെ, കുറഞ്ഞ ചെലവിൽ, ലഭ്യമാക്കുക.
3. മാന്യമായ തൊഴിൽസാഹചര്യങ്ങളും മിനിമംകൂലിയും ലഭിക്കുംവിധം നിയമങ്ങൾ നടപ്പാക്കി സ്ത്രീതൊഴിലാളികളെ സംരക്ഷിക്കുക.
4. സ്ത്രീതൊഴിലാളികൾക്ക് സഞ്ചാരസൗകര്യങ്ങളും സുരക്ഷയും സ്വാതന്ത്ര്യവും ഒരുപോലെ ഉറപ്പാക്കുക.

ഇവ തദ്ദേശഭരണതലത്തിൽ ആവിഷ്ക്കരിക്കുന്നതു സംബന്ധിച്ചുള്ള നിർദ്ദേശങ്ങളാണ് ഈ സമ്മർദ്ദരേഖയിൽ.

*തുടക്കത്തിൽ തന്നെ എടുത്തുപറയേണ്ട കാര്യം ഈ സമ്മർദ്ദരേഖയുടെ സമീപനത്തെക്കുറിച്ചാണ്. ഞങ്ങൾ ആവശ്യപ്പെടുന്നത് പൂർണസ്വഭാവമുള്ള അവകാശാധിഷ്ഠിത സമീപനമാണ്, അല്ലാതെ സാമൂഹ്യഔദാര്യത്തിലൂന്നിയ ക്ഷേമവിഭവവിതരണമല്ല.*

രാഷ്ട്രീയകർതൃത്വം തൊഴിലാളിയൂണിയനുകളിൽ നിന്നും തദ്ദേശസ്ഥാപനങ്ങളിലേക്കു മാറിയ കാലത്താണ് നാം ജീവിക്കുന്നതെങ്കിലും തൊഴിലാളിക്ഷേമത്തെ അവകാശാധിഷ്ഠിതസമീപനത്തിൽ തന്നെ ഉറപ്പിക്കാൻ കഴിയും. കേരളത്തെ സംബന്ധിച്ചിടത്തോളം ഇതിനു പ്രത്യേക പ്രസക്തിയുമുണ്ട്. ഇരുപതാംനൂറ്റാണ്ടിലെ സജീവമായ, സക്രിയമായ പൊതുരാഷ്ട്രീയത്തിൽ ജനക്ഷേമത്തെ അവകാശമായിത്തന്നെ നേടിയെടുത്ത പോരാട്ടങ്ങളുടെ പൈതൃകമാണ് കേരളത്തിനുള്ളത് (Devika and Thampi 2007). വനിതാഘടകപദ്ധതിയെ സർക്കാരിന്റെ ഔദാര്യമായല്ല, കേരളത്തിലെ സ്ത്രീകളുടെ അവകാശമായിത്തന്നെ കാണേണ്ടതുമാണ്. മാത്രമല്ല, മുഖ്യാധാരാ ഇടതുപക്ഷത്തിന്റെ വക്താക്കൾ കേരളത്തിലെ അധികാരവികേന്ദ്രീകരണം മുൻപുണ്ടായിരുന്ന ജനകീയരാഷ്ട്രീയത്തിന്റെ തുടർച്ചയാണെന്ന് പറഞ്ഞിട്ടുമുണ്ട് (Isaac and Franke 2000). അങ്ങനെയെങ്കിൽ തദ്ദേശഭരണസ്ഥാപനങ്ങൾ തൊഴിലാളികളുടെ അവകാശസംരക്ഷണത്തിനു വേണ്ടിയുള്ള രാഷ്ട്രീയത്തിന്റെ ശക്തികേന്ദ്രങ്ങളായി മാറുക തന്നെ വേണം.

അതുപോലെ അനൗപചാരികമേഖലാ സ്ത്രീതൊഴിലാളികളെപ്പറ്റി ഇന്നു ലഭ്യമായ എല്ലാ പഠനങ്ങളും തൊഴിലിടത്തിനപ്പുറത്തേയ്ക്ക് നോട്ടമയക്കേണ്ടതിന്റെ ആവശ്യത്തെ എടുത്തു

പറയുന്നുണ്ട്. വീടുകളിലും അയൽവക്കങ്ങളിലും തദ്ദേശസമുദായ ഇടങ്ങളിലും ഉള്ള അവരുടെ ജീവിതം കൂടി പരിഗണിച്ചു മാത്രമേ അവരുടെ ക്ഷേമം ഉറപ്പാക്കാനാവൂ എന്ന് ഇവ സൂചിപ്പിക്കുന്നു. അതായത് ആവശ്യങ്ങൾ ഉന്നയിക്കുന്നത് തൊഴിൽദായകരോടു മാത്രമായാൽ പോര, പ്രത്യേകിച്ച് അനൗപചാരിക തൊഴിൽസാഹചര്യങ്ങളെ സഹായിക്കും വിധം സംസ്ഥാന-ദേശീയതല നിയമങ്ങൾ തൊഴിൽനിയമത്തിൽ മാറ്റങ്ങൾ വരുത്തിക്കഴിഞ്ഞ സാഹചര്യത്തിൽ. തദ്ദേശഭരണതലത്തിൽ നടത്തുന്ന ഈ ഇടപെടൽ തൊഴിലാളികളുടെ ആവശ്യങ്ങളും അവകാശങ്ങളും ഭരണകൂടത്തിനു നേരെ തിരിച്ചുവിടുന്ന തന്ത്രത്തിലേക്കുള്ള മാറ്റത്തേയാണ് കാണിക്കുന്നത്. സ്ത്രീതൊഴിലാളിസംഘടനകളും അവയോട് സഖ്യപ്പെട്ടു നിൽക്കുന്ന മറ്റുള്ളവരും ചേർന്ന് ഈ ആവശ്യങ്ങളുന്നയിക്കുന്നത് തൊഴിലാളികളുടെ കർതൃത്വത്തിലൂന്നിനിന്നു കൊണ്ടുതന്നെയാണ്. അതു കൊണ്ടുതന്നെ ജനക്ഷേമത്തെ ഔദാര്യവിഭവവിതരണമായിക്കാണുന്ന നിലപാടിനെതിരാണിത്.

ഇന്നത്തെ ജനക്ഷേമസംസ്കാരം നിഷ്ക്രിയഗുണഭോക്താക്കളെ സൃഷ്ടിക്കുന്നുവെന്ന വിമർശനം ഇതിനാൽ അസാധുവാകുന്നില്ല. തീർച്ചയായും ഇന്ന് മുതലാളിത്തവിപണിയുടെ പ്രാന്തങ്ങളിൽ അകപ്പെടുന്നവരും അതിനു പുറത്താകുന്നവരും ഇത്തരത്തിൽ രാഷ്ട്രീയകർതൃത്വം നിഷേധിക്കപ്പെടുന്ന അവസ്ഥയെ നേരിടുന്നുണ്ട്. അത് നിലനിൽക്കുവോളം മേൽപ്പറഞ്ഞ വിമർശനം സാധുവായിത്തന്നെ തുടരും. എന്നാൽ അതുകൊണ്ട് ഇന്നത്തെ സാഹചര്യങ്ങളിൽ മുതലാളിത്തം ദുഷ്ക്കരമാക്കുന്ന ജീവിതാവസ്ഥകൾ അനുഭവിക്കുന്നവർക്ക് യാതൊരുവിധ ആവശ്യങ്ങളോ അവകാശങ്ങളോ ഉന്നയിക്കാനാവില്ല എന്ന ധാരണ തെറ്റാണ്.

ആഗസ്റ്റ് 2018ൽ കേരളം നേരിട്ട മഹാപ്രകൃതിക്ഷോഭം വരുത്തിവച്ച വൻനഷ്ടത്തിന്റെ പശ്ചാത്തലത്തിൽ മേൽപ്പറഞ്ഞ കാര്യങ്ങളുടെ പ്രസക്തി വർദ്ധിച്ചിരിക്കുന്നു എന്ന് എടുത്തു പറയേണ്ടിയിരിക്കുന്നു. ലോകത്തെല്ലായിടത്തും എന്ന പോലെ കേരളത്തിലും പ്രകൃതിനാശത്തിന്റെ മുഖ്യ ഇരകൾ ദരിദ്രരായ സ്ത്രീകൾ ആണ്. അതുകൊണ്ടുതന്നെ സ്വയംപ്രാപ്തി നേടാൻ അവരെ പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾ തന്നെയാണ് വനിതാവികസനത്തിന്റെ മുഖ്യമുഖമാകേണ്ടത്.

**നവീനപദ്ധതി-ആശയങ്ങൾക്ക് അവസരം നൽകുന്ന സാഹചര്യം**

പതിമൂന്നാം പദ്ധതിരേഖയുടെ ജൻറർ അദ്ധ്യായത്തിൽ സൂചിപ്പിച്ചിരിക്കുന്ന വിശാലനയ നിർദ്ദേശങ്ങളെ ആസ്പദമാക്കി മൂർത്തമായ നിർദ്ദേശങ്ങളാണ് ഈ സമ്മർദ്ദരേഖ മുന്നോട്ടുവയ്ക്കുന്നത്. ഈ നിർദ്ദേശങ്ങൾ പലവിധത്തിലുള്ളവയും, പല തലങ്ങളിൽ നിന്നുള്ള മാറ്റങ്ങളും മുൻകൈകളും ആവശ്യപ്പെടുന്നവയുമാണ്. എങ്കിലും പുതിയ പദ്ധതിനിർമ്മാണ മാർഗരേഖയിൽ പ്രത്യേകജനവിഭാഗങ്ങളെ ഉദ്ദേശിച്ചുള്ള പദ്ധതികളിൽ നവീനസ്വഭാവമുള്ളതും പ്രസക്തങ്ങളുമായ പദ്ധതിനിർദ്ദേശങ്ങളെ പ്രോത്സാഹിപ്പിക്കുന്ന നിലപാടാണ് കൈക്കൊണ്ടിരിക്കുന്നത്. വനിതാഘടക പദ്ധതിയുടെ നടത്തിപ്പിനെക്കുറിച്ച് വ്യാപകമായ ആശങ്ക പദ്ധതി ആസൂത്രണപ്രക്രിയയിൽ പങ്കാളികളായവരിൽ നിന്നുതന്നെ വന്നുകൊണ്ടുമിരിക്കുന്നു. തികച്ചും ഭാവനാശൂന്യവും

അപ്രസക്തവും സ്ത്രീകളുടെ പേരിൽ പൊതുആവശ്യങ്ങൾ നിവർത്തിച്ചെടുക്കുന്നതുമായ രീതികൾ ധാരാളം വിമർശിക്കപ്പെട്ട പശ്ചാത്തലത്തിലാണ് നവീനപദ്ധതികൾക്കു പ്രോത്സാഹനം ലഭിക്കണമെന്ന ആശയത്തിന് പിന്തുണ ഔദ്യോഗികവൃത്തങ്ങളിൽ തന്നെ ഉണ്ടായിരിക്കുന്നത്.

സ്ത്രീകൾക്കായുള്ള പ്രത്യേകഫണ്ടുകളുടെ വിനിയോഗത്തെയും പൊതുവേ ക്ഷേമപദ്ധതികളെയും മാറ്റിപ്പണിയുന്നതു സംബന്ധിച്ച മൂന്ന് വിശാലനിരീക്ഷണങ്ങളാണ് താഴെ ചർച്ചചെയ്യുന്ന നിർദ്ദേശങ്ങൾക്ക് അടിത്തറ പാകിയിട്ടുള്ളത്

- സ്ത്രീകളെ പ്രഥമവും പ്രധാനവുമായി 'വീട്ടമ്മ'മാരായി എണ്ണിക്കൊണ്ട് (അതായത്, സ്വന്തം വീട്ടിൽ കൂലിയില്ലാത്ത ഗാർഹികവേലയിൽ, അല്ലെങ്കിൽ വീട്ടുപരിസരത്ത് കൂലിയില്ലാത്ത ഉത്പാദനപരമായ വേലകളിൽ, ഏർപ്പെടുകയും അത് സ്ത്രീകളുടെ ജീവശാസ്ത്രപരമായ ഉത്തരവാദിത്വമായി കാണുകയും ചെയ്യുന്ന രീതി) നടപ്പിലാക്കുന്ന വികസനനയങ്ങളിൽ നിന്നും പ്രയോഗത്തിൽ നിന്നും വ്യതിചലിക്കേണ്ടത് ആവശ്യമായിരിക്കുന്നു.

- തൊഴിലെടുക്കുന്നവരും തൊഴിലന്വേഷകരുമായ സ്ത്രീകളെക്കൂടാതെ ട്രാൻസ് വനിതകളായ തൊഴിലാളികൾ, തൊഴിലന്വേഷകർ എന്നിവർക്കു കൂടി ഗുണകരമായ വിധത്തിൽ തദ്ദേശതലവികസനത്തെ വിലയിരുത്തുകയും മാറ്റിയെടുക്കുകയും ചെയ്യേണ്ടതുണ്ട്. ഇപ്പറഞ്ഞ വിഭാഗങ്ങളുടെ മാത്രമല്ല, കേരളവികസനത്തിന്റെ പൊതുവിലുള്ള താത്പര്യം കൂടിയാണ് ഇത്.

- കൂടുതൽ സ്ത്രീകളെയും ട്രാൻസ് വനിതകളെയും തൊഴിൽരംഗത്തേയ്ക്ക് ആകർഷിക്കും വിധമുള്ള മാറ്റങ്ങളെയാണ് തദ്ദേശതല വികസനം പ്രോത്സാഹിപ്പിക്കേണ്ടത്.

**നിർദ്ദേശങ്ങൾ**

***1. തദ്ദേശതലത്തിന്റെ പ്രാധാന്യം***

- അസംഘടിത-അനൗപചാരിക മേഖലയിലെ തൊഴിലാളിസ്ത്രീകളുടെ എണ്ണം കണക്കാക്കാൻ എളുപ്പമല്ല. അതുകൊണ്ടുതന്നെ അവരുടെ ക്ഷേമത്തെ ഉന്നംവയ്ക്കുന്ന പദ്ധതികൾ മുഖ്യമായും തദ്ദേശതലത്തിൽ ആവിഷ്ക്കരിക്കുന്നതാവും കൂടുതൽ ഗുണപ്രദം. ഇതിനു പ്രാരംഭമായി വാർഡുതലത്തിൽ, കുടുംബശ്രീ എഡിഎസ് അംഗങ്ങളുടെ മുൻകൈയും സിഡിഎസിന്റെ, മേൽനോട്ടത്തിലും അതാതു വാർഡുകളിൽ മേൽപ്പറഞ്ഞ മേഖലകളിൽ പണിയെടുക്കുന്ന സ്ത്രീകളെ സംബന്ധിച്ച് സൂക്ഷ്മവും കൃത്യവുമായ വിവരശേഖരണം അവശ്യം നടത്തേണ്ടതുണ്ട്. എന്നാൽ അസംഘടിത-അനൗപചാരിക മേഖലയിൽ തൊഴിലാളിയാണെന്നു തെളിയിക്കാൻ എളുപ്പമല്ല. അസംഘടിതമേഖലയിൽ തൊഴിലുടമകൾ തങ്ങളുടെ തൊഴിലാളികൾക്ക് കത്തുകളും മറ്റു തെളിവുകളും കൊടുക്കാനുള്ള സാദ്ധ്യത കുറവാണ്. അതുപോലെ പലപ്പോഴും അസംഘടിത-അനൗപചാരികമേഖലയിലെ ജോലിക്ക് സാമൂഹ്യ

മാന്യത കിട്ടാത്തതുകൊണ്ട് അതു വെളിപ്പെടുത്താതെ ജോലിക്കു പോകുന്നവരുണ്ട്. രണ്ടാമതായി, തൊഴിൽരംഗത്തേയ്ക്കു കടക്കാൻ ആഗ്രഹിക്കുന്ന സ്ത്രീകളെക്കുറിച്ചും വിവരങ്ങൾ ശേഖരിക്കേണ്ടതുണ്ട്.

ഇപ്പറഞ്ഞ വിഷമതകൾക്ക് ഒരുപക്ഷേ പരിഹാരം തദ്ദേശതലത്തിൽ തൊഴിലെടുക്കുന്നവരും തൊഴിലെടുക്കാൻ ആഗ്രഹിക്കുന്നവരുമായ എല്ലാ സ്ത്രീകൾക്കും ട്രാൻസ് വനിതകൾക്കും പ്രായപരിധി കൂടാതെ -ഒരു രജിസ്റ്റർ തുറക്കുന്നതാണ്. ഈ രജിസ്റ്ററിൽ ഉൾക്കൊള്ളിക്കേണ്ട വിവരങ്ങൾ ശേഖരിക്കാനുള്ള ഫോറം ഈ മേഖലകളിൽ പ്രവർത്തിക്കുന്ന സ്ത്രീകളുടെ സംഘടനകൾ, സ്ത്രീപക്ഷഗവേഷകർ, എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാനതലത്തിൽ കിലയുടെയോ ആസൂത്രണ ബോർഡിന്റെയോ മേൽനോട്ടത്തിൽ തയ്യാറാക്കേണ്ടതാണ്. ഈ രജിസ്റ്റർ തയ്യാറാക്കുന്നതിനെപ്പറ്റിയും അതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ, അതിൽ ചേരാൻ സമർപ്പിക്കേണ്ട വിവരങ്ങൾ മുതലായവയെപ്പറ്റിയും വ്യാപകമായ പ്രചാരണം വാർഡുതലത്തിൽ കുടുംബശ്രീ എഡിഎസിന്റെയും തൊഴിലാളിസംഘടനകളുടെയും മുൻകൈയിൽ നടത്തിയ ശേഷം സ്ത്രീകൾ സ്വയം പേരു രജിസ്റ്റർ ചെയ്യുന്ന രീതി ഫലപ്രദമായേക്കാം. തദ്ദേശഭരണസ്ഥാപനത്തിലെ കുടുംബശ്രീ ജന്റർ റിസോഴ്സ് സെന്ററിനെ ഈ ഉദ്യമത്തിനായി പ്രയോജനപ്പെടുത്താവുന്നതാണ്. രജിസ്ട്രേഷനായി ലളിതമായ ഓൺലൈൻ application നും നിർമ്മിക്കാവുന്നതാണ്.

കണക്കെടുക്കലിനപ്പുറമുള്ള സാദ്ധ്യതകൾ ഇതിനുണ്ട്. സ്ത്രീകൾ തൊഴിൽരംഗത്തേയ്ക്കു കടക്കേണ്ടതിന്റെ പ്രാധാന്യത്തെപ്പറ്റി കാര്യമായ ഒരു പൊതുചർച്ച ഈ രജിസ്ട്രേഷൻ പ്രചാരണപരിപാടിയിലൂടെ ഉണ്ടാകാനും ഇടയുണ്ട്, കൂടാതെ സ്ത്രീകളെ ആകർഷിക്കാനിടയുള്ള തൊഴിലുകൾ ഏതൊക്കെയെന്ന് തിട്ടപ്പെടുത്താനും ഇതു സഹായിക്കും. തൊഴിലാളി സംഘടനകളും കുടുംബശ്രീയും ഒത്തൊരുമിച്ച് ഈ വിഷയത്തിൽ സജീവമായി ഇടപെടുന്ന സാഹചര്യവും ഇത് സൃഷ്ടിച്ചേക്കാം. ഇതെല്ലാം സ്ത്രീകളുടെ തൊഴിൽരംഗപ്രവേശത്തിന്റെ പ്രാധാന്യത്തെ പൊതുവേ വികസനരംഗത്ത് കൂടുതൽ ദൃശ്യമാക്കുകയും ചെയ്യും. മാത്രമല്ല, ഗാർഹികതൊഴിലാളികളുടെയും പരിചരണതൊഴിലാളികളുടെയും കാര്യമെടുത്താൽ, അവരുടെ തൊഴിൽജീവിതത്തെ പിൻതുടരേണ്ടത് പോലീസല്ല, തദ്ദേശജനാധിപത്യവത്ക്കരണത്തിന്റെ മുഖ്യസ്രോതസ്സും ഭരണഘടനാ അംഗീകാരമുള്ളതുമായ തദ്ദേശഭരണസ്ഥാപനങ്ങളാണ്.

- ഗാർഹികതൊഴിലെടുക്കുന്ന സ്ത്രീകൾ പലപ്പോഴും സമൂഹത്തിൽ കടുത്ത അപമാനവും അവഗണനയും അനുഭവിക്കുന്നുണ്ട്. അവരിൽ പലരും തങ്ങൾ ഗാർഹികതൊഴിലാളികളാണെന്ന് തുറന്നുപറയാൻ പോലും മടിക്കുന്നു. ഗാർഹികജോലി ചെയ്യാൻ തയ്യാറായ സ്ത്രീകൾ പലപ്പോഴും തുറന്നു തൊഴിലന്വേഷിക്കാൻ മടിക്കുന്നു. ഇതു മൂലം പലപ്പോഴും അവർക്കു കിട്ടുന്ന കൂലിയും അവസരങ്ങളും കുറഞ്ഞുപോകാനും മോശമാകാനും

ഇടവരുന്നു. അതുകൊണ്ടുതന്നെ അവർ പ്രത്യേകപരിഗണന അർഹിക്കുന്നു. പൊതുവായ രജിസ്റ്ററിൽ പേരുചേർക്കാൻ ഗാർഹിക-പരിചരണതൊഴിലാളികളിൽ/ഈ ജോലികൾ അന്വേഷിക്കുന്നവരിൽ ചിലരെങ്കിലും മടിക്കാൻ സാദ്ധ്യതയുള്ളതുകൊണ്ട്, അവരുടെ വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കാൻ തദ്ദേശഭരണസ്ഥാപനങ്ങൾ ശ്രദ്ധിക്കണം.

- ഗാർഹികതൊഴിലാളികളെ ജോലിക്കെത്തിക്കുന്ന ഏജൻസികളിന്ന് കേരളത്തിൽ വ്യാപകമാണ്. അവരെ തദ്ദേശതലനിയന്ത്രണങ്ങൾക്കു വിധേയമാക്കുന്നതിന്റെ ആദ്യപടി എന്ന നിലയ്ക്ക് അവയുമായി സംഭാഷണമാരംഭിക്കാനും തദ്ദേശഭരണസമിതികൾ തയ്യാറാകണം.

- ട്രാൻസ് വനിതാ തൊഴിലാളികളെയും തൊഴിലന്വേഷകരെയും രജിസ്റ്റർ ചെയ്യിക്കാൻ ജില്ലാ ട്രാൻസ് ജന്റർ ജസ്റ്റിസ് ബോർഡിന്റെ സഹായം തേടാവുന്നതാണ്.

- ഈ രജിസ്റ്ററുകളുടെ ലക്ഷ്യം കേവലം കണക്കെടുപ്പല്ല, മറിച്ച് ഒരു തദ്ദേശസ്ഥാപന പരിധിയിൽ വീട്ടിനു പുറത്ത് വേതനം ലഭിക്കുന്ന ജോലി ചെയ്യാൻ തയ്യാറായ സ്ത്രീകളെ മുഴുവൻ ഒരു വിഭാഗമായി തിരിച്ചറിയാനുള്ള ഉപാധിയാണ്. സ്ത്രീകൾ എന്നു പൊതുവിൽ വിളിക്കപ്പെടുന്ന വിശാലസംവർഗത്തിന്റെ ഉപവിഭാഗമെന്ന നിലയ്ക്ക് ഇവർ അർഹിക്കുന്ന ശ്രദ്ധ നേടുന്നതിന്റെ മുന്നുപാധിയായി വേണം ഇതിനെ കാണാൻ.

- തദ്ദേശതലവികസനത്തിന്റെ ഭാവനയിൽ വനിതാവികസനമെന്നാൽ വീട്ടമ്മവികസനമെന്ന മുൻധാരണയുടെ അടിത്തറയിളക്കാനുള്ള നടപടികൾ സ്വീകരിക്കണം. ഇവയിൽ ഒന്നാമത്തേത്, കുടുംബശ്രീയുടെ സംവിധാനത്തിന്റെയും പ്രവർത്തനത്തിന്റെയും വ്യത്യസ്ത തലങ്ങളെയും, തദ്ദേശസ്വയംഭരണസർക്കാരുകളുടെ വനിതാവികസനഫണ്ടുപയോഗത്തെയും പദ്ധതികളെയും സ്ത്രീതൊഴിലാളിപക്ഷത്തുനിന്ന് പുനരവലോകനം ചെയ്യലാണ്. അസംഘടിതമേഖലയിലെ സ്ത്രീതൊഴിലാളികളുടെ കൂട്ടായ്മകളുടെ പങ്കാളിത്തത്തോടെ ഇതു ചെയ്യേണ്ടതുണ്ട്. അടിസ്ഥാനതല സ്വയംസഹായസംഘങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾ (മീറ്റിങ് സമയക്രമീകരണം, ഉത്തരവാദിത്വവിതരണം, സമ്പാദ്യശേഖരണം, പരിശീലനങ്ങൾക്കും മറ്റുമുള്ള അവസരങ്ങൾ) മുതൽ വായ്പാപദ്ധതികൾ, സംരംഭകപങ്കാളിത്തസാദ്ധ്യതകൾ, ആനുകൂല്യങ്ങൾ മുതലായവയെക്കുറിച്ചുള്ള ഉന്നതതല തീരുമാനങ്ങൾ വരെ തൊഴിലാളിസ്ത്രീപക്ഷത്തു നിന്ന് അവലോകനം ചെയ്യേണ്ടതും സ്ത്രീതൊഴിലാളികൾക്ക് ഗുണകരമാകും വിധമുള്ള മാറ്റങ്ങൾ അവയിൽ വരുത്തേണ്ടതുമാണ്. രണ്ടാമത്, കുടുംബശ്രീ മുന്നോട്ടുവയ്ക്കുന്ന എല്ലാ പ്രവർത്തനങ്ങളും പദ്ധതികളും അംഗീകരിക്കപ്പെടും മുൻപ് അവ തൊഴിലെടുക്കുന്നവരായ സ്ത്രീകൾക്കും ട്രാൻസ് വനിതകൾക്കും എങ്ങനെ തുല്യഗുണം ഉറപ്പാക്കുമെന്ന് വിശദീകരിക്കുന്ന അവലോകനം നിർബന്ധമാക്കേണ്ടതുണ്ട് (Gender Impact Statementനെ സ്ത്രീതൊഴിലാളിപക്ഷത്തു നിന്നു കൂടി വിശദമാക്കണമെന്നർത്ഥം). മൂന്നാമതായി, കുടുംബശ്രീ പരിശീലനങ്ങൾ കീഴ്ത്തലത്തിൽ രൂപകല്പന ചെയ്യുമ്പോൾ തദ്ദേശതലത്തിലെ കുടുംബശ്രീയിൽ നിന്ന് തൊഴിലാളിസ്ത്രീകളുടെ

പ്രത്യേക കൂടിച്ചരലുകൾ സംഘടിപ്പിച്ചുകൊണ്ട് അവർക്ക് ഗുണകരമാകാനിടയുള്ള പരിശീലനങ്ങളെപ്പറ്റിയുള്ള അഭിപ്രായങ്ങൾ ശേഖരിക്കുകയും അവയ്ക്ക് മതിയായ പരിഗണന നൽകുകയും ചെയ്യണം. അതായത്, കീഴ്തലങ്ങളിൽ കുടുംബശ്രീ പ്രവർത്തനങ്ങളുടെ ആസൂത്രണത്തിൽ വേതനത്തിനായി അദ്ധ്വാനിക്കുന്ന സ്ത്രീകളുടെ നേരിട്ടുള്ള പങ്കാളിത്തം പ്രോത്സാഹിപ്പിക്കപ്പെടണം.

അതുപോലെ റിവോൾവിങ് ഫണ്ടുകൾ അയൽക്കൂട്ടങ്ങൾക്ക് നൽകുന്നതുപോലുള്ള പ്രോത്സാഹനശ്രമങ്ങളിൽ തൊഴിലാളിസ്ത്രീകളുടെ സാന്നിദ്ധ്യം ഒരു നിശ്ചിതസംഖ്യയിൽ അധികമുള്ള ഗ്രൂപ്പുകൾക്കും തൊഴിലാളിസ്ത്രീകളുടേതു മാത്രമായ ഗ്രൂപ്പുകൾക്കും മുൻഗണന നൽകുക. റിവോൾവിങ് ഫണ്ട് ലഭ്യമാക്കുന്നതിന് പാലിക്കേണ്ട മാനദണ്ഡങ്ങളിൽ ഇത് ഉൾപ്പെടുത്തുക. റിസോഴ്സ് ഓർഗനൈസേഷൻ എൻയുഎൽഎം (NULM) പദ്ധതി പ്രകാരം നടത്തുന്ന പ്രവർത്തനങ്ങളിൽ, പരിശീലനകാര്യത്തിൽ പ്രത്യേകിച്ച്, മേൽപ്പറഞ്ഞ വിധം ഗ്രൂപ്പുകൾക്ക് അതീതമായി സിഡിഎസ് തലത്തിൽ മേൽനിർദ്ദേശിച്ച രജിസ്റ്ററിൽ ഉൾപ്പെട്ട തൊഴിലന്വേഷകരും തൊഴിലാളികളുമായ സ്ത്രീകളുടെ കൂടിച്ചേരലും അഭിപ്രായസംഭരണവും നിർബന്ധിതമാക്കാവുന്നതാണ്. നഗരഉപജീവന കേന്ദ്രങ്ങളും നൈപുണ്യവികസന പരിശീലനവും ഇവർക്കു പ്രയോജനകരമാകാൻ ഇതു സഹായിക്കും. ഇപ്പോൾത്തന്നെ ഇവ പാവപ്പെട്ട തൊഴിലാളികൾക്ക് ഗുണകരമാകണമെന്ന ലക്ഷ്യംകൂടി ഉള്ളവയാണ്. എന്നാൽ അസംഘടിത-അനൗപചാരികമേഖലകളിലെ സ്ത്രീതൊഴിലാളികൾക്ക് സവിശേഷ ഊന്നൽ നൽകേണ്ടതുണ്ട്.

- തെരുവോരകച്ചവടക്കാരെ സഹായിക്കാനുള്ള എല്ലാ പദ്ധതികളിലും അവരുടെ സംഘടനകളുടെ നേരിട്ടുള്ള, സജീവമായ പങ്കാളിത്തം നിർബന്ധിതമാക്കുക. ടൗൺ വെൻടിങ് കമ്മിറ്റിയിലും മറ്റു വേദികളിലും നിർബന്ധമാക്കിയിരിക്കുന്ന തെരുവോര കച്ചവടക്കാരുടെ പങ്കാളിത്തവും സ്ത്രീപങ്കാളിത്തവും ഉറപ്പാക്കുക. സർവ്വേകളിലും മറ്റു വിവരശേഖരണയത്നങ്ങളിലും കുടുംബശ്രീ പ്രവർത്തകരെയോ വനിതാതൊഴിലാളിയൂണിയനുകളെയോ തന്നെ നിയോഗിക്കുകയും ചെയ്യുക. പലപ്പോഴും ഈ വിഷയത്തിൽ നേരിട്ടു താത്പര്യമില്ലാത്തവരെയും ഉപരിവർഗാംഗങ്ങളെയും ഈ ജോലി ഏൽപിക്കുന്നത് വേണ്ടത്ര ഫലദായകമല്ല. പൊതുവേ, നഗര തെരുവോര വാണിഭ രേഖയിലും തെരുവോര കച്ചവടക്കാർക്കായി രൂപകല്പന ചെയ്യപ്പെട്ട പദ്ധതിയിലും ഈ വിഭാഗത്തിൽ അവശ-ഉപവിഭാഗമെന്ന പരിഗണന സ്ത്രീകൾക്ക് നൽകുന്നതിലുപരിയായി തെരുവോരക്കച്ചവടത്തിന്റെ ലിംഗപരമായ മാനങ്ങളെ കൂടുതൽ സൂക്ഷ്മമായി പരിശോധിക്കാനും തദ്ദേശഭരണസ്ഥാപനങ്ങൾ തയ്യാറാകണം. സ്ത്രീകളും ട്രാൻസ് വനിതകളുമായ തെരുവോരകച്ചവടക്കാരുടെ പ്രത്യേകപ്രശ്നങ്ങൾ പരിഹരിക്കാനുള്ള ഇടം ഈ പദ്ധതിയിൽ നേരിട്ടുതന്നെ വേണം.
- ഇവിടെ എടുത്തുപറയേണ്ട ഒരു കാര്യം, മുകളിൽ നിർദ്ദേശിച്ച അവലോകനം തൊഴിലാളിസ്ത്രീകളെ വീട്ടമ്മവത്ക്കരിക്കുന്ന വിധത്തിലാകരുതെന്നതാണ്. ഉദാഹരണത്തിന് പെൺ

മക്കളുടെ വിവാഹത്തിന് പല തദ്ദേശഭരണസ്ഥാപനങ്ങളും സഹായമെന്ന പേരിൽ ചെറിയ തുകകൾ കൊടുക്കുന്നുണ്ട്. എന്നാൽ സ്ത്രീകളെ ഇന്ന് തൊഴിൽരംഗത്തു നിന്ന് അകറ്റി നിർത്തുന്നത് തുല്യത തീരെയില്ലാത്ത വിവാഹങ്ങളാണെന്നതിന് ശക്തമായ തെളിവു കൾ സാമൂഹ്യശാസ്ത്രഗവേഷണത്തിലുണ്ട്. സ്ത്രീയുടെ വീട്ടുകാർ നൽകുന്ന ഭൗതിക വിഭവങ്ങളെ ആശ്രയിച്ചു നടക്കുന്ന വിവാഹങ്ങളിൽ തുല്യത ഇല്ലെന്ന് സ്ഥാപിക്കാൻ വേറെ തെളിവുകൾ ആവശ്യവുമില്ല. അങ്ങനെ നോക്കിയാൽ ഇന്ന് തദ്ദേശവനിതാവികസനത്തിൽ സർവ്വസാധാരണമായിരിക്കുന്ന വിവാഹസഹായം പരിമിതപ്പെടുത്തേണ്ടതുണ്ട്. വിവാഹ സഹായം ഒന്നുമേ കൊടുക്കേണ്ടതില്ല എന്ന് ഇതുകൊണ്ട് അർത്ഥമാകുന്നില്ല കൊടു ക്കുന്നെങ്കിൽ അത് പൊതുഫണ്ടുകളിൽ നിന്ന് കൊടുക്കുക. വനിതാവികസനത്തിനായുള്ള ഫണ്ടുകൾ ഇതിനായി വിനിയോഗിക്കുന്നത് ശരിയല്ലെന്നു മാത്രം. വിവാഹം കഴിക്കുക എന്നത് വധുവിന്റെയോ അവരുടെ മാതാവിന്റെയോ പൊതുവെ സ്ത്രീകളുടെയോ മാത്രം താത്പര്യവും ഉത്തരവാദിത്വവുമല്ല.

അതായത്, തദ്ദേശസ്ഥാപനങ്ങൾ വനിതാവികസനത്തിനായി നീക്കിവയ്ക്കുന്ന പണവും വിഭാവനം ചെയ്യുന്ന പദ്ധതികളും തൊഴിലാളിസ്ത്രീകളുടെയും ട്രാൻസ് വനിതകളുടെയും സവിശേഷമായ താത്പര്യങ്ങൾക്കും ആവശ്യങ്ങൾക്കും ഉതകുന്നുണ്ടോ എന്നും (അതായത്, സമൂഹം സ്ത്രീകളുടെ മേൽ കെട്ടിവയ്ക്കുന്ന ലിംഗവത്കൃത ഉത്തരവാദിത്വങ്ങൾ നിർവഹി ക്കാൻ അവരെ സഹായിക്കുക മാത്രമല്ലല്ലോ എന്നും), അവ സ്ത്രീകളെ തൊഴിൽരംഗ ത്തേയ്ക്കു കടക്കാൻ സഹായിക്കുന്നുണ്ടോ എന്നും സൂക്ഷ്മമായി പരിശോധിക്കുന്ന അവലോകനങ്ങളാണ് വേണ്ടത്.

- വാർഡുസഭകളിലും ഗ്രാമസഭകളിലും തൊഴിലാളിസ്ത്രീകളുടെ കാര്യമായ പങ്കാളിത്തം ഉറപ്പാക്കാനുള്ള വഴികൾ തുറക്കണം. തദ്ദേശതലത്തിൽ നിലവിലുള്ള രജിസ്റ്ററിൽ പേരു ചേർത്ത എല്ലാ സ്ത്രീകൾക്കും ട്രാൻസ് വനിതകൾക്കും പ്രത്യേക അറിയിപ്പു കൊടുക്കുക. ഈ കൂടിച്ചേരലുകളെ സംബന്ധിച്ച അറിയിപ്പുകൾ തൊഴിലാളിസ്ത്രീകൾക്കെത്തിച്ചു കൊ ടുക്കാൻ പ്രത്യേകപരിശ്രമം നടത്തുക, സമയം അവർക്കു കൂടി അനുകൂലമായ വിധത്തിൽ തീരുമാനിക്കുക, ഗ്രാമസഭയിൽ വാർഡു തിരിഞ്ഞിരിക്കാതെ ഒറ്റ സംഘമായി ഇരിക്കാൻ അനുവദിക്കുക. ഇത്തരം പ്രയോഗങ്ങൾ സ്ഥാപനവത്ക്കരിക്കുക. ആസൂത്രണവാർഡു സഭകൾ സ്ഥലത്തെ തൊഴിലാളിസംഘടനകളുടെയും, മുൻപറഞ്ഞ രജിസ്റ്ററിൽ പേരു ചേർത്തവരുടെയും സജീവപങ്കാളിത്തത്തോടെ നടത്തുക. അസംഘടിത- അനൗപചാരിക മേഖലയിലെ തൊഴിലാളിസ്ത്രീകളുടെ പ്രത്യേക ആവശ്യങ്ങൾ ഉന്നയിക്കാൻ നിശ്ചിത സമയം അനുവദിക്കുക.
- ജാഗ്രതാസമിതിയുടെയും തദ്ദേശതലത്തിൽ സ്ഥാപിക്കുന്ന ജന്റർ റിസോഴ്സ് സെന്ററുകളു ടെയും നേതൃത്വത്തിൽ വർഷത്തിലൊരിക്കൽ അസംഘടിതമേഖലയിൽ പ്രവർത്തിക്കുന്ന

തൊഴിലാളിസ്ത്രീകളുടെ നിയമപരമായ അവകാശങ്ങളെപ്പറ്റിയുള്ള ബോധവത്ക്കരണവും അവരനുഭവിക്കുന്ന സുരക്ഷാപ്രശ്നങ്ങളെപ്പറ്റിയുള്ള വിവരശേഖരണവും നടത്തുക. തൊഴിലിടത്തെ ലൈംഗികശല്യത്തിനെതിരെയുള്ള നിയമപരിരക്ഷയെപ്പറ്റിയുള്ള ബോധവത്ക്കരണം ജാഗ്രതാസമിതിയുടെയും മുൻകൈയിൽ എല്ലാ വർഷവും നടപ്പിലാക്കുക. അസംഘടിതമേഖലാസ്ത്രീതൊഴിലാളികൾക്ക് തൊഴിലിടത്ത് ലൈംഗികപീഡനം നേരിട്ടാൽ അതിനെതിരെ പരാതി ബോധിപ്പിക്കാനും പരാതി മുന്നോട്ടുകൊണ്ടുപോകാനും അവരെ സഹായിക്കുന്നതിനെ ജാഗ്രതാസമിതിയുടെയും ജന്റർ റിസോഴ്സ് സെന്ററുകളുടെയും ഔപചാരിക ഉത്തരവാദിത്വങ്ങളിൽ ഉൾപ്പെടുത്തുക. നിയമപ്രകാരം തൊഴിലിടത്തെ ലൈംഗികപീഡനത്തെ സംബന്ധിച്ചുള്ള പരാതികൾ ബോധിപ്പിക്കാനായുള്ള തദ്ദേശകമ്മറ്റികൾ സംഘടിപ്പിക്കാനുള്ള ഉത്തരവാദിത്വം ജന്റർ റിസോഴ്സ് സെന്ററുകളെ ഏൽപ്പിക്കാവുന്നതാണ്.

- ജന്റർ റിസോഴ്സ് സെന്ററിന്റെ കോർഡിനേറ്ററിന്റെതായോ കമ്മറ്റി അംഗത്തിന്റെതായോ മുൻകൈയിൽ തൊഴിലെടുക്കുന്ന സ്ത്രീകളെ വാർഡുതലത്തിൽ കൂട്ടിയിണക്കുന്ന വാട്സ് ആപ്പ് ഗ്രൂപ്പുകൾ ഉണ്ടാക്കുക. അവ വഴി അവശ്യവിവരങ്ങളും സ്ത്രീതൊഴിലാളികൾക്ക് വിജ്ഞാനപ്രദങ്ങളായ വിഷയങ്ങളെപ്പറ്റിയുള്ള സന്ദേശങ്ങളും കൈമാറുക.

### *2. അസംഘടിതമേഖലാസ്ത്രീ-ട്രാൻസ്-സ്ത്രീതൊഴിലാളികൾക്കും പ്രത്യേക ക്ഷേമപദ്ധതികൾ, സഞ്ചാരസ്വാതന്ത്ര്യം, സുരക്ഷ*

- നിലവിൽ തദ്ദേശസ്ഥാപനങ്ങളിലും കുടുംബശ്രീയിലും ലഭ്യമാക്കിയിട്ടുള്ള സൗജന്യങ്ങൾ മുതിർന്ന അസംഘടിതമേഖലാതൊഴിലാളിസ്ത്രീകൾക്കും ട്രാൻസ് വനിതകൾക്കും കൂടി അനുവദിക്കുക. ഉദാഹരണത്തിന് കോഴിക്കോടു നഗരസഭ കുടുംബശ്രീ അംഗങ്ങൾക്കായി ആവിഷ്ക്കരിച്ച സൗജന്യ ഔഷധ വിതരണ പദ്ധതി അവിടുത്തെ മുതിർന്ന അസംഘടിത മേഖലാ തൊഴിലാളിസ്ത്രീകൾക്കും ട്രാൻസ് വനിതകൾക്കും കൂടി ലഭ്യമാക്കുക. മുതിർന്ന അസംഘടിതമേഖലാതൊഴിലാളിസ്ത്രീകൾ-ട്രാൻസ് വനിതകൾ മിക്കപ്പോഴും കുടുംബശ്രീയിൽ സജീവപങ്കാളികളല്ല എന്നു തിരിച്ചറിയേണ്ടതുണ്ട്.

- ഈ മേഖലയിൽ പ്രവർത്തിക്കുന്ന വനിതാതൊഴിലാളികൾക്കായുള്ള ക്ഷേമ പദ്ധതികളിൽ മുന്തിയ പരിഗണന ലഭിക്കേണ്ടത് ആരോഗ്യപദ്ധതികൾക്കാണ്. ഇവർ ഏർപ്പെടുന്ന ജോലികൾ ദൈർഘ്യമേറിയവയും ശ്രമകരവുമാണ്. അതുകൊണ്ടു തന്നെ പ്രത്യേക ആരോഗ്യ സംരക്ഷണ പദ്ധതികൾ ഇവർക്കായി രൂപകല്പന ചെയ്യേണ്ടതുണ്ട്. തദ്ദേശസ്ഥാപനങ്ങളോ കുടുംബശ്രീയോ നടത്തുന്ന ആരോഗ്യക്യാംപുകളിലും മറ്റും പുറത്തു പോയി തൊഴിലെടുക്കുന്നവരായ സ്ത്രീകൾക്ക് പലപ്പോഴും പങ്കെടുക്കാൻ കഴിയില്ല. അതുകൊണ്ടു തന്നെ സൗകര്യമുള്ള സമയവും തീയതിയും തിരക്കി നിശ്ചയിച്ച ദിവസം ഇവർക്കു മാത്രമായി സമീപത്തുള്ള താലൂക്ക്, ജില്ലാ ആശുപത്രികളിൽ മാസത്തിൽ ഒരിക്കൽ ഒരു കൺസൾട്ടേഷൻ ക്ളിനിക്ക് സംഘടിപ്പിക്കുക. ഇക്കൂട്ടരിൽ ധാരാളം മുതിർന്ന പൗരികൾ വാർദ്ധക്യത്തിലും

വേലയെടുക്കുന്നവരായി ഉണ്ടെന്നതു പ്രത്യേകം പരിഗണിക്കേണ്ടിയിരിക്കുന്നു. അവർക്കായി പ്രത്യേക ആരോഗ്യപരിരക്ഷാപദ്ധതികൾ തദ്ദേശതലത്തിൽ നടപ്പിലാക്കുക. അവർക്ക് ആ ദിവസം നഷ്ടമാകുന്ന കൂലിക്ക് പകരമായി തദ്ദേശസ്ഥാപനം ഒരു തുക നിശ്ചയിച്ച് അതു നൽകുക. മരുന്നു സൗജന്യവും ചികിത്സയ്ക്കെത്തുന്ന ദിവസം നഷ്ടമാകുന്ന കൂലിക്കു പകരം ഒരു തുക ഇവർക്ക് അനുവദിക്കുക.

- മടങ്ങിയെത്തിയവരായ കുടിയേറ്റത്തൊഴിലാളിസ്ത്രീകൾ പലപ്പോഴും അതികഠിനമായ തൊഴിൽസാഹചര്യങ്ങളെ വളരെക്കാലം നേരിട്ടവരായതുകൊണ്ട് വലിയ ആരോഗ്യപ്രശ്നങ്ങൾ അനുഭവിക്കുന്നുണ്ട്. ഇവർക്ക് പ്രത്യേകസഹായം ആവശ്യമാണ്. മടങ്ങിയെത്തിയ പ്രവാസികൾക്ക് ഇപ്പോൾ മടങ്ങിയതിനു ശേഷമുള്ള പത്തു വർഷക്കാലമാണ് ക്ഷേമസഹായങ്ങൾ ലഭിക്കുന്നത്. സ്ത്രീകളായ മുൻപ്രവാസികൾക്ക് ഇതിൽ കൂടുതൽ നൽകേണ്ടതാണ്.

- ഒറ്റയ്ക്കു അദ്ധ്വാനിച്ച് സ്വന്തം കുടുംബം പുലർത്തുന്ന അസംഘടിതമേഖലാതൊഴിലാളികളായ സ്ത്രീകൾ മരണമടഞ്ഞാൽ അനാഥമായിപ്പോകുന്ന കുടുംബങ്ങൾക്ക് പ്രത്യേക സഹായനിധി ഏർപ്പെടുത്തുക.

- ഇപ്പോൾ നൽകിവരുന്ന ഗൃഹനിർമ്മാണസഹായം അസംഘടിതമേഖലാ തൊഴിലാളി സ്ത്രീകൾക്ക് മുൻഗണന നൽകുന്നുണ്ടെങ്കിലും അവ അപര്യാപ്തമാണെന്നു മാത്രമല്ല, അതു മൂലം പലപ്പോഴും അവർ കടക്കെണിയിലാവുന്നു. വീടുനിർമ്മാണം പൂർത്തിയാക്കിയാലും പൊതുവെ ഈ കുടുംബങ്ങളുടെ വിഭവാടിത്തറ ദുർബലമായതുകൊണ്ട് ചെറിയ പ്രതിസന്ധികൾ പോലും അവയെ കുഴപ്പത്തിലാക്കുന്നു. അപ്രതീക്ഷിതചെലവുകളോ സാമൂഹ്യ ചെലവുകളോ മൂലം പൂർത്തിയാക്കിയ വീട് വിൽക്കേണ്ടി വരുന്ന സ്ഥിതി അസാധാരണമല്ല. നഗരപ്രദേശങ്ങളിൽ ഭൂവില കുതിച്ചുയർന്നതുകൊണ്ട് തൊഴിലാളിസ്ത്രീകൾ, പ്രത്യേകിച്ച് ഗാർഹികതൊഴിലാളികൾ, കാര്യമായ വാടക കൊടുത്തു താമസിക്കേണ്ട സ്ഥിതിയും പലയിടത്തും ഉണ്ട്. മാത്രമല്ല, വീട്ടിനു പുറത്തു പോയി രാത്രിയോളം പണിയെടുക്കുന്ന സ്ത്രീകളെ സംബന്ധിച്ചിടത്തോളം മറ്റു പ്രശ്നങ്ങളുമുണ്ട്. പൊതുവെ കൗമാരക്കാരുടെയും കുട്ടികളുടെയും സുരക്ഷയെപ്പറ്റിയുള്ള ആശങ്കകൾ സ്ത്രീകളുടെ തൊഴിലന്വേഷണത്തെപ്പോലും ബാധിക്കുന്നുണ്ട്. കുട്ടികൾ വിദ്യാലയങ്ങളിൽ നിന്ന് മടങ്ങിയെത്തി ഒറ്റയ്ക്ക് ഇരിക്കേണ്ടി വരുന്ന സാഹചര്യം മുതലെടുത്തുകൊണ്ട് അവരെ അപകടത്തിൽ പെടുത്തുന്ന സംഭവങ്ങൾ ഇന്ന് കേരളത്തിൽ തീരെ വിരളമല്ല.

അതായത്, തൊഴിലാളിസ്ത്രീകളെ സംബന്ധിച്ചിടത്തോളം സുരക്ഷിതമായ താമസസൗകര്യങ്ങൾ കൂടാതെ മുന്നോട്ടുപോകാൻ ബുദ്ധിമുട്ടാണ്. അവ കൂടാതെ കൂടുതൽ സ്ത്രീകളെ തൊഴിൽരംഗത്ത് എത്തിക്കാനും ബുദ്ധിമുട്ടാണ്. ട്രാൻസ് സ്ത്രീകളെ സംബന്ധിച്ചിടത്തോളം ആ പ്രശ്നം കൂറേക്കൂടി രൂക്ഷമാണ്. കൊച്ചിമെട്രോയിൽ തൊഴിൽ ലഭിച്ച പല ട്രാൻസ് വനിതകൾക്കും ആ ജോലിയിൽ തുടരാൻ കഴിയാതെ പോയതിനു മുഖ്യകാരണം വീടില്ലായ്മയായിരുന്നു.

വിവേചനവും ഹിംസയും സഹിക്കവയ്യാതെ മിക്കപ്പോഴും സ്വന്തം വീട്ടിൽ നിന്ന് വിട്ടുപോകേണ്ടി വരുന്നവരായ ട്രാൻസ് സ്ത്രീകൾക്ക് ഈ വിവേചനം മൂലം തന്നെ അമിതവാടക നൽകി സുരക്ഷ കുറഞ്ഞ താമസസ്ഥലങ്ങളിൽ തങ്ങേണ്ടി വരുന്നത് വാർത്തയായതാണ്.

ഇതെല്ലാം കണക്കിലെടുത്താൽ തദ്ദേശസ്ഥാപനത്തിന്റെ മുൻകൈയിൽ സൃഷ്ടിക്കേണ്ടത് ഒറ്റപ്പെട്ട കുടുംബങ്ങൾ സ്വയംസഹായത്തിലൂടെ ഉണ്ടാക്കുന്ന പാർപ്പിടങ്ങളല്ല, മറിച്ച് സമൂഹത്തിൽ ഒറ്റപ്പെട്ടുപോയവരും തൊഴിലെടുത്തു ജീവിക്കുന്നവരും അവരുടെ കുടുംബങ്ങളും കൂട്ടുചേർന്നു ജീവിക്കുന്ന പാർപ്പിടസമുച്ചയങ്ങളാണ്. ഇതു തദ്ദേശസ്ഥാപനത്തിന്റെ ചെലവിൽ നിർമ്മിച്ച് നാമമാത്രമായ വാടകയ്ക്ക് ദീർഘകാലാടിസ്ഥാനത്തിൽ അസംഘടിത തൊഴിലാളിസ്ത്രീകൾക്കു, പ്രത്യേകിച്ച് ഒറ്റയ്ക്കു കുടുംബം നയിക്കുന്നവരും മറ്റുതരം വിവേചനങ്ങൾ അനുഭവിക്കുന്നവരായ (ജാതിയുടേയോ ലിംഗന്യൂനപക്ഷനിലയുടെയോ പ്രായത്തിന്റെയോ ശാരീരികശേഷിയുടേയോ ഒക്കെ) തൊഴിലാളിസ്ത്രീകൾക്ക് നൽകുക. ഈ നിർദ്ദേശം ഏറ്റവും വ്യാപകമായി തികച്ചും ജനാധിപത്യപരമായി, ചർച്ച ചെയ്തുവേണം നടപ്പിലാക്കാൻ എന്ന് എടുത്തു പറയേണ്ടതുണ്ട്. തൊഴിലാളികളെ നിർബ്ബന്ധപൂർവ്വം നഗരങ്ങളിലേക്കോ നഗര പ്രാന്തങ്ങളിലേക്കോ മാറ്റിപ്പാർപ്പിക്കണമെന്നല്ല ഇതിന്റെ സൂചന. അവ പുതിയ ചേരികളായി മാറാത്ത വിധത്തിൽ വേണം പണിതുയർത്തപ്പെടാൻ. വാടക ഇനത്തിൽ ഇപ്പോൾ ചെലവഴിക്കുന്ന തുകയിൽ കുറവുണ്ടാകുമെന്നു മാത്രമല്ല, സുരക്ഷിതത്വത്തിനുള്ള കൂട്ടായ ഒരുക്കങ്ങൾ ആവശ്യപ്പെടാനും നടപ്പിലാക്കാനും കഴിയും. കുടിയൊഴിപ്പിക്കൽഭീഷണി ഒഴിവാകും.

നഗരത്തിലെ ഭവനരഹിതർക്കായി ദേശീയ നഗര ഉപജീവന മിഷൻ വിഭാവനം ചെയ്തിരിക്കുന്ന ഷെൽട്ടർ പാർപ്പിട പദ്ധതി ഈ ആശയത്തെ മുന്നോട്ടുവയ്ക്കുന്നുണ്ട്. ഇങ്ങനെ പണിയുന്ന പാർപ്പിട സമുച്ചയങ്ങളുടെ നടത്തിപ്പ് ഏൽപ്പിക്കാവുന്ന ഏജൻസികളിൽ അസംഘടിതമേഖലാതൊഴിലാളികളുടെ ട്രേഡ് യൂണിയനുകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഭവനരഹിതർക്കായി വിഭാവനം ചെയ്യപ്പെട്ട ഈ പദ്ധതി അസംഘടിതമേഖലാ സ്ത്രീതൊഴിലാളികൾക്കായിത്തന്നെ നടപ്പിലാക്കേണ്ടതുണ്ട്. ഇത് സർക്കാർ അശരണർക്കു നൽകുന്ന സുരക്ഷയായല്ല, തൊഴിലാളികളുടെ അവകാശവും നഗരത്തിന്റെ സാമ്പത്തികവ്യവസ്ഥയ്ക്ക് ആവശ്യമായ തൊഴിൽ സേനയെ ഉറപ്പാക്കാനുള്ള അവശ്യനടപടിയുമാണ്. ഷെൽട്ടറുകളായല്ല, പുതിയ തൊഴിലാളി സമൂഹത്തിനുള്ള താമസസ്ഥലങ്ങളായി വേണം ഇവയെ വിഭാവനം ചെയ്യാൻ. നഗര-ഗ്രാമ വ്യത്യാസങ്ങൾ കുറവായ, കുറഞ്ഞുകൊണ്ടേയിരിക്കുന്ന, കേരളത്തിൽ നഗരങ്ങൾക്കു പുറത്തും ഇതിനു പ്രസക്തിയുണ്ട്.

### *3. പരിചരണ സൗകര്യങ്ങൾ*

- അസംഘടിതമേഖലയിൽ തൊഴിൽ തേടുന്നവർ അധികവും കുടുംബ ഉത്തരവാദിത്വങ്ങൾ പേറുന്നവരായതുകൊണ്ട് വൃദ്ധജനങ്ങളുടെയും കുട്ടികളുടെയും പരിചരണ ഉത്തരവാദിത്വങ്ങൾ ലഘൂകരിക്കാതെ സ്ത്രീകളെ തൊഴിൽരംഗത്തേയ്ക്കു കൊണ്ടുവരാനോ, ഈ രംഗത്ത്

ജോലി ചെയ്യുന്ന സ്ത്രീകൾക്ക് നീതി ഉറപ്പാക്കാനോ സാദ്ധ്യമല്ല. ബാല്യത്തെപ്പറ്റിയും ബാല പരിചരണത്തെപ്പറ്റിയുമുള്ള സാമൂഹ്യധാരണകളിലുണ്ടായ മാറ്റം കൗമാരക്കാരായ കുട്ടികളുടെ മേൽനോട്ടവും മാതാവിന്റെ ഉത്തരവാദിത്വമായി എണ്ണുന്നു. അതുകൊണ്ട് സാധാരണ നിർദ്ദേശിക്കപ്പെടാറുള്ള ക്രെഷ് (crèche) സൗകര്യം മാത്രമല്ല പരിചരണസൗകര്യങ്ങളിൽ ഉൾപ്പെടേണ്ടത്.

- അംഗനവാടികളുടെ വിപുലീകരണത്തിലൂടെ ഈ സൗകര്യങ്ങൾ വർദ്ധിപ്പിക്കാമെങ്കിലും പല കാരണങ്ങളാൽ ഇത് അപ്രായോഗികമാകാം. അംഗനവാടി പ്രവർത്തകരുടെ ജോലി ഭാരം, സ്ഥലസൗകര്യക്കുറവ് മുതലായ പ്രശ്നങ്ങൾ പലയിടത്തും ഉണ്ട്. ഇതു കൊണ്ട് ക്രെഷുകളും പകൽവീടുകളും കൗമാരക്കാർക്കുള്ള കളിയിടങ്ങളും ചേർന്നുള്ള കോംപ്ളെക്സുകൾ തുടങ്ങുന്നത് കുടുംബശ്രീയുടെ ഉപജീവനപ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി എൻയുഎൽഎം (National Urban Livelihood Mission) പദ്ധതികൾ മുഖേന സഹായവും പരിശീലനവും ഏർപ്പെടുത്തുക. അസംഘടിതമേഖലാതൊഴിലാളികളായ സ്ത്രീകൾക്ക് ഈ സൗകര്യങ്ങൾ കുറഞ്ഞ ചെലവിൽ നൽകുക. ഇതേ നിരക്കിലോ സൗജന്യമായോ തെരുവോരക്കച്ചവടത്തിലേർപ്പെടുന്ന സ്ത്രീകൾക്കും അവ ലഭ്യമാക്കുക.
- ഈ പരിചരണസൗകര്യകോംപ്ളെക്സുകൾ ഒരുക്കാൻ സ്ഥലം പലപ്പോഴും പ്രശ്നമാണ് ഭൂവില കുതിച്ചുയരുകയും വാടക കനത്തതാവുകയും ചെയ്യുന്ന പശ്ചാത്തലത്തിൽ. താരതമ്യേന കുറച്ചുപയോഗിക്കപ്പെടുന്ന സർക്കാർവിദ്യാലയങ്ങളിൽ ലഭ്യമായ സ്ഥലസൗകര്യം ഇതിനായി വിനിയോഗിക്കാനുള്ള സാദ്ധ്യത ആരായേണ്ടതാണ്.
- ഇത്തരം സ്ഥാപനങ്ങൾ തുടങ്ങാനുള്ള തുല്യസഹായവും പരിശീലനവും ട്രാൻസ് വനിതകൾക്ക് നൽകുക.
- പരിചരണസൗകര്യങ്ങൾ കുറഞ്ഞ ചെലവിൽ നൽകാൻ സന്നദ്ധമായ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്നത് തൊഴിലുറപ്പുപദ്ധതിയിൽ ഉൾപ്പെടുത്തുന്നത് പ്രയോജനകരമായിരിക്കും. കേരളത്തിന്റെ പ്രത്യേകസാഹചര്യത്തിൽ ഈ നിർദ്ദേശത്തിന് കൂടുതൽ പ്രസക്തിയുണ്ട്. കാരണം ഇവിടെ തൊഴിലുറപ്പുപദ്ധതിയുടെ ഗുണഭോക്താക്കൾ അധികവും ദരിദ്രരായ സ്ത്രീകളാണ്. ഈ സ്ഥാപനങ്ങൾ തുടങ്ങാൻ തയ്യാറാകുന്നവർക്കും അവിടങ്ങളിൽ പരിചരണജോലി ചെയ്യുന്നവർക്കും വിദഗ്ദ്ധപരിശീലനം നൈപുണ്യവികസനപദ്ധതിയുടെ ഭാഗമായി നടപ്പാക്കേണ്ടതുണ്ട്. വിദഗ്ദ്ധപരിശീലനസ്ഥാപനങ്ങളിൽ ഫിസിയോതെറപ്പി, സാന്ത്വനപരിചരണം, യോഗ മുതലായവയിലും (വയോജനങ്ങൾക്കു പ്രയോജനപ്പെടുന്ന), വിദ്യാലയപൂർവ്വ ബാലപരിചരണം, കൗമാരപ്രായക്കാരുടെ പരിചരണം മുതലായവയിലും സ്ത്രീകൾക്ക് പരിശീലനം നേടാനുള്ള സൗകര്യവും അവസരവും സൃഷ്ടിക്കണം.
- അസംഘടിതമേഖലാസ്ത്രീതൊഴിലാളികളുടെ മൈനറായ മക്കൾക്ക് പ്രത്യേകപരിരക്ഷ നൽകുന്ന പദ്ധതികൾ സൃഷ്ടിക്കുക. പലപ്പോഴും അതിരൂക്ഷമായ ഹിംസ കുടുംബത്തിനുള്ളിൽ

ഉണ്ടാകുന്ന സാഹചര്യത്തിലാണ് സ്ത്രീകൾ അസംഘടിതമേഖലയിൽ തൊഴിലന്വേഷിക്കുന്നത്. കുടുംബാന്തരീക്ഷം തീർത്തും പ്രതികൂലമാകുന്ന സാഹചര്യത്തിൽ കുട്ടികളുടെ മാനസിക സന്തുലനവും പഠനവും പരിരക്ഷിക്കുന്നതിനായി താത്കാലികഭവനങ്ങൾ-തണലിടങ്ങൾ- കുടുംബശ്രീയോ മഹിളാ സമഖ്യ മുഖേനയോ അല്ലെങ്കിൽ തൊഴിലാളിസ്ത്രീസംഘടനകളുടെ മേൽനോട്ടത്തിലോ-ആരംഭിക്കുക. ആഴ്ചകളോളം വീട്ടിൽ നിന്നും കുട്ടികളിൽ നിന്നും അകന്നുനിൽക്കേണ്ടി വരുന്നവരായ തൊഴിലാളിസ്ത്രീകൾക്ക് പ്രത്യേകിച്ച് ഒറ്റയ്ക്കു കുടുംബം പുലർത്തുന്നവരോ ഗാർഹികഹിംസയെ നേരിടുന്നവരോ ആയ പരിചരണതൊഴിലാളികൾക്ക് ഈ സഹായം അടിയന്തരമായി നൽകേണ്ടതാണ്.

- ജന്റർ റിസോഴ്സ് സെന്ററിലൂടെ സ്ത്രീകളുടെ തൊഴിലിനോടുള്ള എതിർപ്പുമൂലം ഗാർഹിക പ്രതിസന്ധി അനുഭവിക്കുന്ന എല്ലാ കുടുംബങ്ങൾക്കും കൗൺസലിങ് സൗകര്യങ്ങൾ ലഭ്യമാക്കുക.

- നിയമസഹായവും ഉപദേശവും തൊഴിലാളിസ്ത്രീകൾക്ക് സൗജന്യമായി നൽകാൻ ജന്റർ റിസോഴ്സ് സെന്റർ വഴി സൗകര്യമൊരുക്കുക. സ്ത്രീകൾക്കിടയിൽ നിയമപരമായ സാക്ഷരത വർദ്ധിപ്പിക്കാനുള്ള പരിപാടികളിൽ തൊഴിൽനിയമങ്ങളെപ്പറ്റിയും തൊഴിലിടത്തെ ലൈംഗികപീഡനവിരുദ്ധ നിയമങ്ങളെപ്പറ്റിയുള്ള ക്ളാസുകളും ഉൾപ്പെടുത്തുക.

- പരിചരണസൗകര്യങ്ങൾ വീട്ടിനടുത്തോ തൊഴിലിടത്തിനടുത്തോ ഉണ്ടാകുന്ന രീതി പ്രോത്സാഹിപ്പിക്കപ്പെടണം. നഗരത്തിന്റെ ഏതെങ്കിലും പ്രദേശത്ത് സ്ത്രീതൊഴിലാളികൾ അധികമായി ജോലി ചെയ്യുന്നുണ്ടെങ്കിൽ, അവരിൽ ഒരു നിശ്ചിത എണ്ണം പേർ പ്രത്യേക പരിചരണസൗകര്യങ്ങൾ ആവശ്യപ്പെടുന്നെങ്കിൽ ഒരു നിശ്ചിതദൂരപരിധിയ്ക്കുള്ളിൽ അവ ലഭ്യമാക്കാൻ നഗരസഭ തയ്യാറാകണം. ഇത്തരം ആവശ്യങ്ങൾക്ക് നഗരസഭാ പദ്ധതി നിർമ്മാണ പ്രക്രിയയിൽ പ്രത്യേകപ്രാധാന്യം കല്പിക്കണം.

- സംരംഭകരായ കുടുംബശ്രീവനിതകൾ തൊഴിലെടുക്കുന്നവരും തൊഴിലാളികൾ തന്നെയുമായ സ്ത്രീകളാണ്. അവർ ദേശീയ ഉത്പാദനത്തിന് സംഭാവന ചെയ്യുന്നുമുണ്ട്. ആ സ്ഥിതിക്ക് മേൽപ്പറഞ്ഞ പരിചരണസൗകര്യങ്ങൾ അവർക്കും കുറഞ്ഞനിരക്കിൽ സൗകര്യപ്രദമാം വിധം അനുവദിക്കേണ്ടതാണ്.

### 4. *മാന്യമായ തൊഴിൽസാഹചര്യങ്ങൾ, മിനിമംകൂലി*

- അസംഘടിതമേഖലാതൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഏറ്റവും ഗുരുതരമായ പ്രശ്നങ്ങൾ ഒന്ന് കൂലി, മാന്യമായ തൊഴിൽസാഹചര്യങ്ങൾ എന്നിവയിൽ ഉണ്ടാകുന്ന വീഴ്ചകൾ, എന്നിവയാണ്. തൊഴിൽസ്ഥലത്ത് പ്രാഥമികാവശ്യങ്ങൾ നിർവഹിക്കാൻ പോലും സൗകര്യങ്ങളില്ലാത്ത അവസ്ഥ സമരങ്ങൾക്കു ശേഷവും ഇന്നും തുടരുന്നുവെന്നത് ഖേദകരമാണ്. പ്രാഥമികാവശ്യങ്ങൾ നിർവഹിക്കാനാവശ്യമായ വൃത്തിയുള്ള ടോയിലറ്റ്സൌകര്യങ്ങൾ,

ഉച്ചയൂണുകഴിക്കാനും ഇടയ്ക്ക് ഇരിക്കാനുമുള്ള സ്ഥലം, തൊഴിലുടമകളിൽ നിന്നും സൂപ്പർവൈസർമാരിൽ നിന്നും മാന്യമായ പെരുമാറ്റം, ഇതിന്റെ കുറവുകളാണ് പലപ്പോഴും സ്ത്രീകളെ തൊഴിൽരംഗത്തു നിന്നു അകറ്റുന്നത്.

ഇവ പലതും തദ്ദേശഭരണസ്ഥാപനങ്ങൾക്ക് പരിഹരിക്കാവുന്നവയാണ്. പ്രത്യേകിച്ച് ടോയിലറ്റുകളുടെ കാര്യത്തിൽ പൂർണമായ പരിഹാരം അവയിലൂടെ സാദ്ധ്യമാണ്. എത്ര ടോയിലറ്റുകൾ, ഏതെല്ലാം ഭാഗത്ത്, വേണമെന്ന് തൊഴിലാളിസ്ത്രീകളിലൂടെ കണ്ടെത്താവുന്നതേയുള്ളൂ. ഭക്ഷണസമയത്ത് ഉപയോഗിക്കാനുള്ള വൃത്തിയുള്ള പൊതു ഇടങ്ങൾ തൊഴിലുടമകളുടെയും തൊഴിലാളികളുടെയും പങ്കാളിത്തത്തോടെ തദ്ദേശഭരണസ്ഥാപനത്തിന്റെ മുൻകൈയിൽ ഒരുക്കാവുന്നതാണ്. സ്ത്രീതൊഴിലാളികളോടും ട്രാൻസ് വനിതാ തൊഴിലാളികൾ ഉണ്ടെങ്കിൽ അവരോടും മാന്യമായ രീതിയിലുള്ള പെരുമാറ്റം ഒരു ശീലമാക്കാനുള്ള പ്രചരണം ഈ തലത്തിൽ നിന്ന് ഉണ്ടാകണം. വർഷത്തിലൊരിക്കൽ തൊഴിലുടമകൾക്കായി നിർബന്ധിതമായ ബോധവത്ക്കരണ പരിപാടികൾ ഒരുക്കുന്നത് തദ്ദേശഭരണസ്ഥാപനത്തിന്റെ ഔദ്യോഗിക ചുമതല തന്നെ ആകണം. ഇതിന് ഐഐഎം, സർവകലാശാലകൾ, ബിസിനസ് സ്കൂളുകൾ മുതലായ സ്ഥാപനങ്ങളിൽ നിന്ന് ഫാക്കൽറ്റിയെ കണ്ടെത്തണം. ഈ പ്രചരണം കൊണ്ട് പ്രശ്നം ഉടൻ പരിഹരിക്കപ്പെടുമെന്നല്ല, സർക്കാർ ഏതു പക്ഷത്താണെന്ന് ഇതുവഴി വ്യക്തമാകും. വളരെ പതുക്കെയാണെങ്കിലും മാറ്റങ്ങൾ ഉണ്ടാകാൻ ഇതു സഹായിച്ചേക്കും. പുതിയ തദ്ദേശ വികസന മാർഗരേഖ പുതുമയുള്ള പദ്ധതികളെ പ്രോത്സാഹിപ്പിക്കുന്നതു ആശാവഹമാണ്.

- ഇതിനു പുറമെ തുല്യവേലയ്ക്കു തുല്യവേതനം എന്ന മുദ്രാവാക്യത്തെയും സ്ത്രീകൾക്ക് തൊഴിൽസുരക്ഷയും സാക്ഷാത്ക്കരിക്കാനുള്ള അഭിപ്രായരൂപീകരണശ്രമങ്ങൾ തദ്ദേശതലത്തു നിന്നും ആരംഭിക്കാവുന്നതാണ്.

- പല വിപണനസ്ഥാപനങ്ങളും സ്ത്രീതൊഴിലാളികളെ എട്ടു മണിക്കൂറും അതിലധികവും എഴുന്നേറ്റു നിന്നുകൊണ്ടുതന്നെ ജോലിയെടുക്കാൻ നിർബന്ധിക്കുന്ന പതിവ് സർക്കാർ ഉത്തരവിലൂടെ അതു തടഞ്ഞതിനു ശേഷവും ഉണ്ട്. ഇത് അത്യന്തം ഖേദകരമാണ്. ഇക്കാര്യത്തിൽ തദ്ദേശഭരണസ്ഥാപനങ്ങൾ കാര്യമായി ഇടപെടേണ്ടതുണ്ട്. തദ്ദേശഭരണസമിതിയുടെ വനിതാ അംഗങ്ങൾ, കുടുംബശ്രീ നേതാക്കൾ, സ്ത്രീതൊഴിലാളികളുടെ ട്രേഡ് യൂണിയനുകളുടെയും മറ്റു യൂണിയനുകളുടെയും പ്രതിനിധികൾ മുതലായവർ ഉൾപ്പെടുന്ന ഒരു സമിതിയെ തദ്ദേശതലത്തിൽ നിയമിക്കുകയും പരിശോധന (പരാതി കൂടാതെ തന്നെ), തൊഴിലുടമകളും തൊഴിലാളികളും തമ്മിലുള്ള ഇത്തരം പ്രശ്നങ്ങളിൽ മാദ്ധ്യസ്ഥം വഹിച്ച് നിയമം നടപ്പാക്കാനും അതിനെ ശാക്തീകരിക്കാനും തദ്ദേശഭരണസ്ഥാപനങ്ങൾ തയ്യാറാകണം.

- അസംഘടിതമേഖലയിലെ സ്ത്രീതൊഴിലാളികൾ നേരിടുന്ന മറ്റൊരു മുഖ്യപ്രശ്നം, ജോലിസ്ഥിരതയില്ലായ്മയാണ്. പലപ്പോഴും മറ്റൊരു ജോലി അന്വേഷിക്കാൻ പോലും

സാധിക്കാത്തത്ര ഗുരുതരമായ സാമ്പത്തികഞെരുക്കത്തിലേക്ക് ഇത് അവരെ വലിച്ചെറിയുന്നു. ജോലി നഷ്ടപ്പെട്ട സ്ത്രീ തൊഴിൽസേനയിൽ നിന്ന് പിൻമാറുന്ന സ്ഥിതി വരെ ഉണ്ടാകുന്നു. ഇത് ഒഴിവാക്കാൻ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് എന്തെല്ലാം ചെയ്യാമെന്ന് ആലോചിക്കേണ്ടതാണ്. തദ്ദേശഭരണസ്ഥാപനത്തിൽ തൊഴിലാളിയായി രജിസ്റ്റർ ചെയ്തിട്ടുള്ള വനിതയ്ക്കോ ട്രാൻസ് വനിതകൾക്കോ തൊഴിൽ നഷ്ടപ്പെട്ടാൽ അവർക്ക് മറ്റൊരു ജോലി അന്വേഷിക്കാനുള്ള സാഹചര്യമൊരുക്കുന്നതിനായി ഒരു കുറഞ്ഞ കാലയളവിലേക്ക് (രണ്ടോ മൂന്നോ മാസംതൊഴിലുറപ്പുപദ്ധതിയുടെ കുറഞ്ഞ തൊഴിൽദിനങ്ങൾക്കു സമാനമായി) ഒരു നിശ്ചിതതുക ദിനംതോറും നൽകാനുള്ള വകുപ്പുണ്ടാക്കുക. പുതിയ തൊഴിൽ കണ്ടെത്തുമെന്ന് ഉറപ്പൊന്നുമില്ലെങ്കിലും ഇത് തൊഴിലന്വേഷണത്തെ സജീവമാക്കി നിർത്തും.

- തദ്ദേശസ്വയംഭരണസ്ഥാപനപരിധിയ്ക്കുള്ളിൽ പണികഴിക്കപ്പെടുന്ന ഫ്ളാറ്റുസമുച്ചയങ്ങൾ, മറ്റു സംരംഭങ്ങൾ, തുടങ്ങിയവയിൽ സ്ത്രീകൾക്കു തുറന്നു വരുന്ന പുതിയ തൊഴിലവസരങ്ങൾ ഇപ്പോഴധികവും പ്രയോജനപ്പെടുത്തുന്നത് സ്വകാര്യ ഏജൻസികളാണ്, പ്രത്യേകിച്ച് ഗാർഹിക ജോലികൾ. ഈ ഏജൻസികൾ പലപ്പോഴും വൻചൂഷണസംഘങ്ങളാണ്. മിനിമം കൂലി പോലും ഉറപ്പാക്കാതെയാണ് ഇവർ തൊഴിലാളികളെ ജോലിയെടുപ്പിക്കുന്നത്. സമീപപ്രദേശത്തുള്ള സ്ത്രീകൾക്ക് ഈ അവസരങ്ങൾ ലഭ്യമാക്കാൻ തദ്ദേശഭരണസ്ഥാപനം മുൻകൈ എടുക്കണം. വീട്ടുജോലി ചെയ്യുന്ന, ചെയ്യാൻ തയ്യാറുള്ള സ്ത്രീകളുടെ പ്രത്യേകരജിസ്റ്റർ പ്രകാരം ഇവിടങ്ങളിൽ ജോലി ചെയ്യാൻ തയ്യാറുള്ളവരുടെ ലിസ്റ്റിൽ നിന്നു തന്നെ സ്ത്രീ തൊഴിലാളികളെ നിയമിക്കാൻ ഫ്ളാറ്റ് നിർമ്മാതാക്കളെയും താമസക്കാരെയും പ്രേരിപ്പിക്കണം. അതിന് ആവശ്യമായ നികുതിസൗജന്യങ്ങൾ നൽകുകയോ, അതു സാദ്ധ്യമല്ലെങ്കിൽ സർട്ടിഫിക്കറ്റുകൾക്കും മറ്റും ഇത് പ്രധാനപ്പെട്ട ഒരു വ്യവസ്ഥയാക്കുകയോ ചെയ്യണം. നിയമിക്കപ്പെടുന്നത് ആരായാലും അവർക്ക് മിനിമം കൂലി ഉറപ്പാക്കുകയും വേണം.

- ഇപ്പോൾ തദ്ദേശസ്ഥാപനങ്ങൾ നടത്തിവരുന്ന പല പദ്ധതികളിലും പരിപാടികളിലും കുടുംബശ്രീ വനിതകൾ വളരെ കുറഞ്ഞ വേതനത്തിന് ജോലി ചെയ്യുന്നുണ്ട്, ഔപചാരികമായും അനൗപചാരികമായും. ഈ ജോലികൾക്കു പലപ്പോഴും ന്യായമായ വേതനം ലഭിക്കുന്നില്ല. കുടുംബശ്രീവനിതകൾ, പ്രത്യേകിച്ച് ഭാരവാഹികൾ, വികസനരംഗത്തെ അസംഘടിത തൊഴിലാളികളാണ്. അവർ തദ്ദേശസ്ഥാപനത്തിനായി ചെയ്തുവരുന്ന ജോലിക്ക് മിനിമം കൂലി ഉറപ്പാക്കണം. ഇന്ന് അവരിൽ പലരും സ്വന്തം കൈയിൽ നിന്ന് പണം ചെലഴിച്ച് സാമൂഹ്യസേവനം നടത്തുന്നവരാണ്. ഈ അന്യായം അവസാനിപ്പിക്കുകയും അവർക്ക് ജോലിയെടുക്കേണ്ടിവരുന്ന ദിവസങ്ങളിൽ മിനിമം കൂലി ഉറപ്പാക്കേണ്ടതുമാണ്. വിവാഹസഹായ ഫണ്ടുകളെ ഇത്തരത്തിൽ മാറ്റി വിനിയോഗിക്കാൻ നോക്കേണ്ടതാണ്. ഇതു മൂലം നിരവധി ഗുണങ്ങളുണ്ട്. തദ്ദേശസർക്കാർ തന്നെ മിനിമം കൂലി നൽകുന്നത് മാതൃകയാകും. മാത്രമല്ല, താഴെത്തട്ടിൽ നടന്നുവരുന്ന ചില്ലറ അഴിമതിയും കുറയും. കുടുംബശ്രീപ്രവർത്തകരെ

മുഴുവൻ സ്ഥിരശമ്പളക്കാരികളായി നിയമിക്കുന്നത് അപ്രായോഗികമാകാം, പക്ഷേ പണിയെടുക്കുന്ന ദിവസങ്ങളിൽ മിനിമം കൂലി ലഭിക്കുന്നത് അവരുടെ അവകാശമാണ്.

- ഇന്നു സ്വയംസഹായസംരംഭങ്ങളായി തുടങ്ങുന്ന പലതും സ്ത്രീകളെ കനത്ത കടഭാരം വഹിക്കുന്നവരാക്കിത്തീർക്കാനിടയുള്ളവയാണ്. യഥാർത്ഥത്തിൽ സ്വയംസംരംഭകരായ കുടുംബശ്രീവനികൾ തൊഴിലാളികൾ കൂടിയാണെന്നത് വിസ്മരിച്ചുകൂട. ഇപ്പോൾ ആരംഭിച്ചിട്ടുള്ള പല സ്ഥാപനങ്ങളിലും ഈ സ്ത്രീകൾ കണക്കറ്റ്, അതികഠിനമായി, അദ്ധ്വാനിക്കുന്നതിലൂടെയാണ് അല്പലാഭം പോലും ഉണ്ടാക്കുന്നത്. കടക്കെണിയെ മറികടന്നാൽത്തന്നെയും ഒരുപക്ഷേ ഇതു മൂലം വലിയ ആരോഗ്യശോഷണം ഇവർക്കു സഹിക്കേണ്ടി വന്നേക്കാം. വലിയ കച്ചവടകേന്ദ്രങ്ങൾ, ഹോട്ടലുകൾ മുതലായവ ആരംഭിക്കാൻ കുടുംബശ്രീവനിതകളെ പ്രോത്സാഹിപ്പിക്കുന്നത് നല്ലതാണെങ്കിലും, അടിസ്ഥാനസൗകര്യങ്ങൾ സർക്കാർ തന്നെ ഒരുക്കുകയും, അതിനുശേഷം വാടകയ്ക്ക് കുടുംബശ്രീവനിതകളെ ഏൽപ്പിക്കുകയും ചെയ്യുന്നത് അവരെ കടക്കെണിയിൽ നിന്ന് രക്ഷിക്കും.

- ഇന്ന് നഗരങ്ങളിലും പട്ടണങ്ങളിലും ഖരമാലിന്യത്തിന്റെ സംസ്ക്കരണം നടത്തുന്നത് കുടുംബശ്രീ വഴി ഈ തൊഴിലിൽ എത്തിയ സ്ത്രീകളായ തൊഴിലാളികളാണ്. വളരെ അപായകരമായ ജോലിയാണ് ഇവർ ചെയ്തുകൊണ്ടിരിക്കുന്നത്. ആദ്യകാലത്ത് ഉപയോഗിച്ചിരുന്ന വാഹനങ്ങൾ ഉപയോഗശൂന്യമായി. ഈ തൊഴിൽ ലാഭകരമല്ലാത്തതുകൊണ്ടു തന്നെ ഈ വാഹനങ്ങൾ വാങ്ങാനെടുത്ത വായ്പകൾ അടച്ചുതീർക്കാൻ ഇവർക്കു സാധിച്ചിട്ടില്ല. വളരെ ശ്രമകരമായ ജോലിയായി ഇതു മാറിയിരിക്കുന്നു. ഖരമാലിന്യ സംസ്കരണം സമൂഹത്തിനു മൊത്തത്തിൽ അടിയന്തരാവശ്യമുള്ള പ്രവർത്തനമായതുകൊണ്ട് സർക്കാർ ഇതിൽ അംഗീകരിച്ചിട്ടുള്ള സ്വയംതൊഴിൽ മാതൃകയിൽ മാറ്റം വരുത്തേണ്ടതുണ്ട്. ഈ തൊഴിൽ തൊഴിലാളിസ്ത്രീകളുടെ ആരോഗ്യത്തിന് കാര്യമായ കോട്ടം വരുത്താൻ ഇടയുള്ളതുകൊണ്ടു തന്നെ അവർക്കായി പ്രത്യേകം ഇൻഷുറൻസ് പദ്ധതി തുടങ്ങുകയും, സർക്കാർ ആശുപത്രിയിൽ സൗജന്യമായ ചികിത്സാസൗകര്യവും നൽകേണ്ടതാണ്. തൊഴിൽസുരക്ഷയ്ക്ക് അനിവാര്യമായ ഉപകരണങ്ങൾ, കൈയുറ, കോട്ട് അടക്കമുള്ള വസ്ത്രങ്ങൾ മുതലായവ വർഷത്തിൽ ഒരിക്കലെങ്കിലും, അല്ലെങ്കിൽ ആവശ്യാനുസരണം ഒരു നിശ്ചിത ഇടവേളയിൽ, വിതരണം ചെയ്യേണ്ടതുമാണ്. വാഹനങ്ങളും മറ്റും സർക്കാർ വാങ്ങി തൊഴിലാളികൾക്ക് ചെറിയ വാടകയ്ക്ക് നൽകുന്നത് അവരെ കടത്തിൽ നിന്ന് രക്ഷപ്പെടുത്തും. ഈ തൊഴിൽ ചെയ്യുന്നവരിലെ പ്രായമേറിയ വനിതകളോട് വിവേചനം കാണിക്കുന്നത് തടയേണ്ടതുണ്ട്. വിരമിക്കുന്ന മുതിർന്ന തൊഴിലാളിസ്ത്രീകൾക്ക് ചെറിയ ഒരു പെൻഷൻ സഹായം നൽകേണ്ടതാണ്. കൂടാതെ, തദ്ദേശഭരണസ്ഥാപനത്തിന്റെ ജീവനക്കാരായ ശുചീകരണതൊഴിലാളികൾ ഉപയോഗിക്കുന്ന സൗകര്യങ്ങൾ ഉപയോഗിക്കാൻ ഖരമാലിന്യസംസ്കരണതൊഴിലാളികളെ അനുവദിക്കുക മാത്രമല്ല, അത് അവരുടെ അവകാശമാണെന്നു സമ്മതിക്കുക തന്നെ വേണം. പൊതുവേ നഷ്ടസാദ്ധ്യത ഏറിയ,

അല്ലെങ്കിൽ ആരോഗ്യപ്രശ്നങ്ങൾ വരുത്താൻ ഇടയുള്ള, തൊഴിലുകൾ തൊഴിലാളി സ്ത്രീകൾക്ക് സ്വയംസഹായസംരംഭങ്ങളായി നിർദ്ദേശിക്കുന്നതിന് മറ്റൊരു സ്വയംസഹായ മാതൃക തന്നെ ഉണ്ടാവണം. അതായത്, തൊഴിലാളികൾ ഏറ്റെടുക്കുന്നതിലെ അപായ സാദ്ധ്യത പരമാവധി കുറയ്ക്കാൻ സർക്കാർ സഹായവും ഇടപെടൽവ്യവസ്ഥകളും ഉണ്ടായിരിക്കുന്ന മാതൃകയാണ് ഇവിടെ വേണ്ടത്.

- ട്രാൻസ് വനിതാതൊഴിലാളികളും അവർക്കിടയിലെ തൊഴിലന്വേഷകരും മുതിർന്ന പൗരികളായ തൊഴിലാളിവനിതകളും തദ്ദേശഭരണസ്ഥാപനത്തിന്റെ പ്രത്യേക ശ്രദ്ധ അർഹിക്കുന്നു. അവർക്ക് തൊഴിലവസരങ്ങൾ ഉറപ്പാക്കാനും തൊഴിൽസുരക്ഷ ഉറപ്പുവരുത്താനുമുള്ള ചുമതല ഔദ്യോഗികമായിത്തന്നെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റികൾക്ക് കൊടുക്കുക. ട്രാൻസ് വനിതാ തൊഴിലാളികൾക്ക് താമസത്തിന്റെ പ്രശ്നം അതിരൂക്ഷമാണ്. അതു പരിഹരിക്കാനുള്ള ചുമതലയും തദ്ദേശഭരണസ്ഥാപനത്തിന് ഔദ്യോഗികമായി കൊടുക്കുക.

- ഗാർഹികജോലി ചെയ്യുന്ന സ്ത്രീകൾ അനുഭവിക്കുന്ന തീവ്രമായ സാമൂഹ്യ ഒറ്റപ്പെടൽ പരിഗണിച്ച് അവർക്ക് പ്രത്യേക പരിഗണനയും ശ്രദ്ധയും ജന്റർ റിസോഴ്സ് സെന്ററുകൾ മുഖേന നൽകുക.

- നഗരപ്രദേശങ്ങളിൽ സ്വയംതൊഴിലെടുക്കുന്ന സ്ത്രീകൾ പലപ്പോഴും പ്രകൃതിവിഭവങ്ങളെയും, പ്രത്യേകതൊഴിൽസ്ഥലങ്ങളെയും ആശ്രയിക്കുന്നവരാണ്. ഇവയെ സംരക്ഷിക്കാനും തൊഴിലാളികൾക്ക് അവ പ്രാപ്യമാകുന്ന സാഹചര്യങ്ങൾ നിലനിർത്താനും തദ്ദേശസ്വയംഭരണസ്ഥാപനം തയ്യാറായിരിക്കണം. പലപ്പോഴും കേരളത്തിലെ അതിദരിദ്രകുടുംബങ്ങളെ പോറ്റുന്ന സ്ത്രീകളാണ് ഇത്തരം തൊഴിലുകളിലുള്ളത്. അവർക്ക് പ്രത്യേകസംരക്ഷണവും പരിഗണനയും നൽകേണ്ടതാണ്. നഗരപ്രദേശത്തെ സ്ഥലപരമായ വികസനത്തെ സംബന്ധിച്ച തീരുമാനങ്ങളിൽ അവരുടെ ശബ്ദങ്ങളെ പരിഗണിക്കാൻ എല്ലാ അധികാരികളും തയ്യാറാകണം. തദ്ദേശസ്വയംഭരണസ്ഥാപനം ഇത്തരം തർക്കങ്ങളിൽ തൊഴിലാളികൾക്ക് നീതി ആവശ്യപ്പെടാനുള്ള ഇടവും വാഹനവും ആയിമാറണം.

- സഞ്ചാരസ്വാതന്ത്ര്യവും സൗകര്യവും കുറവായിരിക്കുന്നത് കേരളത്തിൽ സ്ത്രീകൾ ജോലിക്കു പോകുന്നതിന് വലിയ തടസ്സമായിരിക്കുന്നു. കുടിയേറ്റക്കാരായ സ്ത്രീതൊഴിലാളികളുടെയും കുടിയേറാൻ താത്പര്യപ്പെടുന്നവരായ സ്ത്രീകളുടെയും സംഖ്യ കൂടുതലായി കാണപ്പെടുന്ന സ്ഥലങ്ങളിൽ (ഉദാഹരണത്തിന് തീരദേശ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും നഗരസഭകളിലും, വിതുര പോലുള്ള ഉൾനാടൻ പ്രദേശങ്ങളിലും) തദ്ദേശഭരണസ്ഥാപനത്തിലെ ജന്റർ റിസോഴ്സ് സെന്ററുകളിൽ കുടിയേറ്റസാദ്ധ്യതകളെപ്പറ്റി കൃത്യമായ വിവരങ്ങൾ നൽകാനും വിദേശത്തു തൊഴിൽസാദ്ധ്യതകൾക്കനുസൃതമായ പ്രത്യേക തൊഴിൽ പരിശീലനവും നൽകാനുള്ള സൗകര്യങ്ങൾ ആരംഭിക്കാവുന്നതാണ്. ഗാർഹികജോലിക്കാർക്കായുള്ള സവിശേഷ പരിശീലനം അറബിഭാഷാപഠനം, പുതിയതരം ഗാർഹികോ

പകരണങ്ങൾ ഉപയോഗിക്കാനുള്ള പരിശീലനം മുതലായവ ഇവിടെ നൽകാവുന്നതാണ്. ഇതിനായി മടങ്ങിവന്ന പ്രവാസിസ്ത്രീതൊഴിലാളികളുടെ മേൽനോട്ടത്തിൽ പ്രത്യേക നോഡൽ ഓഫീസ് ആരംഭിക്കാവുന്നതാണ്. കുടിയേറ്റത്തൊഴിലാളികളായ സ്ത്രീകൾക്കെതിരെ ഇന്ന് നിലനിൽക്കുന്ന സാമൂഹ്യഭ്രഷ്ടിന്റെ തീവ്രതയെക്കുറയ്ക്കാൻ ഇത് തീർച്ചയായും സഹായിക്കും. കുടിയേറ്റത്തിന് തയ്യാറാണെന്ന കാര്യത്തെ ഇന്ന് മറച്ചുപിടിയ്ക്കാൻ സ്ത്രീകൾ നിർബന്ധിതരാകുന്ന പരിതഃസ്ഥിതി അവരെ പുറകോട്ടുവലിക്കുന്നുണ്ട്. പോകുന്ന വിവരം പുറത്തായാൽ ഭരണകൂടം തങ്ങളെ തടയുമെന്ന ഭീതി സ്ത്രീകൾക്കുണ്ട്. ഈ ദുഃസ്ഥിതിയെ ഇല്ലാതാക്കാൻ ഇത് ഏറെ സഹായിക്കും. ഭരണകൂടത്തെപ്പറ്റിയുള്ള അവിശ്വാസത്തെ ദൂരീകരിക്കുന്നത് കുടിയേറ്റക്കാരായ സ്ത്രീതൊഴിലാളികളുടെ സുരക്ഷയും ക്ഷേമവും ഉറപ്പുവരുത്താൻ വളരെ ആവശ്യമാണ്.

- സാംസ്കാരിക പ്രവർത്തനങ്ങൾക്കായുള്ള ഫണ്ടുകളിൽ നിന്ന് ഒരു നിശ്ചിതശതമാനം സ്ത്രീകളുടെ ചലനപരമായ അവകാശങ്ങളെപ്പറ്റി അവബോധമുണ്ടാക്കുന്ന ഫിലിം ഫെസ്റ്റിവലുകൾ, നാടകങ്ങൾ, ചർച്ചകൾ, പോസ്റ്റർ പ്രദർശനങ്ങൾ, ശില്പശാലകൾ മുതലായവ സംഘടിപ്പിക്കുന്നതിനായി വിനിയോഗിക്കേണ്ടതാണ്. തൊഴിലാളിസ്ത്രീകൾ സമൂഹത്തിനു നൽകുന്ന സംഭാവനകൾ, കേരളത്തിന്റെ രാഷ്ട്രീയചരിത്രത്തിൽ തൊഴിലാളി വനിതകൾ വഹിച്ചിട്ടുള്ള നിസ്തുലമായ പങ്ക്, മുതലായവയെപ്പറ്റിയുള്ള ചർച്ചകൾ, പ്രദർശനങ്ങൾ, മറ്റു സാംസ്കാരിക പരിപാടികൾ എന്നിവ നടത്തേണ്ടതാണ്.

- പലപ്പോഴും വളരെ ദൂരം സഞ്ചരിച്ച് ജോലിക്കു പോകേണ്ടിവരുന്നത് സ്ത്രീകളുടെ വരുമാനത്തിൽ കാര്യമായ കുറവ് വരുത്തുന്നു. ടൂവീലറുകൾ വാങ്ങാനുള്ള സഹായവും അവ ഓടിക്കാനുള്ള പരിശീലനവും തൊഴിലാളിസ്ത്രീകൾക്കും അതിലുപരി ട്രാൻസ് വനിതകൾക്കും ലഭ്യമാക്കാവുന്നതാണ്. എന്നാൽ പൊതുട്രാൻസ്പോർട്ട് സംവിധാനത്തിൽ സ്ത്രീകളുടെ സാന്നിദ്ധ്യം നിലനിർത്തുകയും വർദ്ധിപ്പിക്കുകയും ചെയ്യുന്നത് പൊതുവെയുള്ള സുരക്ഷയ്ക്കു അതിപ്രധാനം തന്നെ. സ്ത്രീകൾ കൂടുതൽപ്പേർ ജോലി ചെയ്യുന്ന സ്ഥലങ്ങളിൽ (ഉദാഹരണത്തിന്, ടെക്സ്റ്റൈൽ ഷോപ്പുകൾ ധാരാളമുള്ള നഗര-പട്ടണസ്ഥലങ്ങളിൽ) തദ്ദേശഭരണസ്ഥാപനത്തിന്റെ സഹായവും തൊഴിലുടമകളുടെ വിഹിതവും കൂട്ടിച്ചേർത്ത് തൊഴിലാളികളുടെ ആവശ്യമാരാഞ്ഞ് പ്രത്യേക ബസ് സൗകര്യമേർപ്പെടുത്തുക, ഇതൊക്കെ പരിഗണിക്കാവുന്നതാണ്.

- അസംഘടിതമേഖലാസ്ത്രീതൊഴിലാളികളിൽ വാർദ്ധക്യത്തിലെത്തിയവരെ ചെറുകിട സംരംഭങ്ങളിലേക്കു നീങ്ങാൻ സഹായിക്കുന്ന പ്രത്യേക ക്ഷേമപദ്ധതികൾ ആവശ്യമാണ്. ചെയ്തിരുന്ന ജോലി ചെയ്യാൻ കഴിയാത്ത സവിശേഷസാഹചര്യത്തിൽ ജീവിതം വഴിമുട്ടാതെ മാന്യമായ തൊഴിൽജീവിതം തുടരാൻ അവരെ സഹായിക്കേണ്ടതുണ്ട്. പെട്ടികടകളും മറ്റു ചെറിയസംരംഭങ്ങളും മറ്റും തുടങ്ങാൻ കഴിയുന്നവർക്ക് അതിനുള്ള പ്രത്യേകസഹായം കടക്കെണിയിൽ അകപ്പെടുത്താത്ത വിധത്തിൽ – നൽകേണ്ടതാണ്.

**ആസൂത്രണവും ജനാധിപത്യവത്ക്കരണവും**

പൊതുവേ പറഞ്ഞാൽ മേൽവിവരിച്ച നിർദ്ദേശങ്ങൾ മുകളിൽ നിന്ന് താഴേയ്ക്ക് ഏകപക്ഷീയമായോ, തദ്ദേശഭരണസ്ഥാപനത്തിന് ഒറ്റയ്ക്കോ നടത്താവുന്നവയല്ല. കുടുംബ ശ്രീയുടെ മാത്രമല്ല, അസംഘടിതമേഖലയിലെ സ്ത്രീതൊഴിലാളികളുടെ സംഘടനകളുടെ യും സജീവപങ്കാളിത്തത്തെ ആവശ്യപ്പെടുന്ന നിർദ്ദേശങ്ങളാണ് ഇവ. സർവ്വേകളിലൂടെ എണ്ണിത്തിട്ടപ്പെടുത്തിയ ശേഷം ആനുകൂല്യവിതരണം നടത്തുന്ന പരിചിത രീതിയിൽ നിന്നുള്ള വ്യതിയാനം കൂടിയാണ് ഇത്. ദരിദ്രരെ നിഷ്ക്രിയരാക്കുകയും, ആനുകൂല്യങ്ങൾ പിൻപ റ്റി നിശബ്ദരായി കഴിഞ്ഞുകൂടുന്നവരായി പൗരജനങ്ങളെ ചുരുക്കുകയും ചെയ്യുന്ന പതിവു രീതിയാണ് ഇപ്പറഞ്ഞതിൽ പരോക്ഷമായി പ്രത്യക്ഷപ്പെട്ടത്.

എന്നാൽ മുകളിൽ ഉന്നയിച്ച നിർദ്ദേശങ്ങളിൽ താഴെ നിന്നുള്ള ശബ്ദങ്ങളെ കേൾക്കാനും പ്രോത്സാഹിപ്പിക്കാനും, അവ മുന്നോട്ടുവയ്ക്കുന്ന ആവശ്യങ്ങൾക്ക് ഊന്നൽ നൽകാനുമാണ് ശ്രമം. തദ്ദേശതലത്തിൽ സർവ്വേയിലൂടെ ഒരു പുതിയ നിഷ്ക്രിയ ഗുണഭോക്തൃവിഭാഗത്തെ കണ്ടെത്തുന്നതിനു പകരം, സ്വന്തം വരുമാനവും ജോലിയും കാംക്ഷിക്കുന്നവരായ സ്ത്രീകളു ടെയും ട്രാൻസ് സ്ത്രീകളുടെയും രജിസ്റ്റർനിർമ്മാണം ഈ വിഷയത്തെ പൊതുചർച്ചയിലെ ത്തിക്കാനും ഇങ്ങനെയൊരു വിഭാഗത്തെത്തന്നെ പുതുതായി നിർമ്മിച്ചെടുക്കാനും, കുടുംബ ശ്രീയും അസംഘടിതമേഖലാസ്ത്രീതൊഴിലാളി സംഘങ്ങൾ തമ്മിൽ പുതിയ ബന്ധങ്ങൾ ഉണ്ടാക്കാനും ശ്രമിക്കുന്നു.

വനിതാഘടകപദ്ധതിയെ നവീകരിക്കാനുള്ള മാർഗം ഇതിൽ തെളിഞ്ഞു കാണുന്നുമുണ്ട്. സ്ത്രീ കളെ ഏകശിലാസംവർഗമായി കാണാതെ, അവരെയെല്ലാം വീട്ടമ്മമാരായി എണ്ണിക്കളയാതെ, ട്രാൻസ് സ്ത്രീകളുടെ സാന്നിദ്ധ്യത്തെ അംഗീകരിച്ചുകൊണ്ട്, സ്ത്രീ എന്ന സംവർഗത്തിനു കീഴിൽ കഴിയുന്ന വ്യത്യസ്തവിഭാഗങ്ങളുടെ ശബ്ദങ്ങളെ പരിഗണിച്ച്, വികസനത്തെ കൂടു തൽ ജനാധിപത്യവത്ക്കരിച്ച് മുന്നോട്ടു പോവുകയല്ലാതെ വേറെ മാർഗമില്ല. പ്രത്യേകിച്ച്, കേരളത്തിൽ വികേന്ദ്രീകരണം കഴിഞ്ഞ നൂറ്റാണ്ടിൽ നാം നേടിയ ജനാധിപത്യമുന്നേറ്റത്തിന്റെ തുടർച്ചയാണെന്നു കരുതുന്നുവെങ്കിൽ.

## References

Aaberg, Lars. 2018.'Masculinity at the Interface of Liberalised Development: Reflections from an Urban Slum in Kerala, India', *Lateral Studies Series on Kudumbashree,* Thiruvananthapuram: CDS.

Abraham, Vinoj, and J Devika. 2014. 'Poverty and Women's Livelihood in Kerala: A Comparison of Two Sites', *Labour and Development* 21, 2, Dec. 2014, 1-29.

Devika J, A K Rajashree, P R Nisha. 2011. ''A Tactful Union': Domestic Workers' Unionism, Politics, and Citizenship in Kerala, India', *Indian Journal of Gender Studies* 18, 2, 185-215.

Devika, J and Binitha V Thampi. 2007. 'Between 'Empowerment' and 'Liberation': The Kudumbashree Initiative in Kerala', Indian Journal of Gender Studies 14 (1), January, 33-59.

Devika, J. 2016. Aspects of Socioeconomic Exclusion in Kerala, India: Reflections from an Urban Slum', *Critical Asian Studies* 18, 2, 2016.

George, Sonia M. 2013. 'Enabling Subjectivities - Economic and Cultural Negotiations: A Gendered Reading of the Handloom Sector and the Special Economic Zone of Kerala', *Indian Journal of Gender Studies* 20, 2, 305-34.

Isaac, Thomas, T.M and Richard W. Franke. 2000. *Local Democracy and Development: People's Campaign for Decentralised Planning in Kerala*, Delhi: Left Word Books.

Nair, Nisha V and MS John. 2018. 'Gender-Responsive Budgeting: The Case of a Rural Local Body in Kerala', *Sage Open*, January 2018, 1-14.

Neethi P. 2015*. Globalization Lived Locally: A Labour Geography Perspective*, OUP: New Delhi.

Scaria, Suma. 2014. 'A Dictated Space? Women and their Well-being in a Kerala Village', *Indian Journal of Gender Studies* 21, 3, 421-49.

Sudarshan, Ratna, R Bhattacharya, G Fernandez. 2010. 'Women's Participation in the NREGA: Some Observations from Fieldwork in Himachal Pradesh, Kerala, and Rajasthan', *IDS Bulletin* 41, 4.

Sassen, Saskia.2000. 'Women's Burden: Counter Geographies of Globalization and the Feminisation of Survival', *Journal of International Affairs* 53, 2.

Working Group on Gender and Development. 2018. Chapter on Gender and Development, Thirteenth Plan Document.

# അനുബന്ധം

| ക്രമ നമ്പർ | നിർദ്ദേശങ്ങൾ/ലക്ഷ്യങ്ങൾ | ഉത്തരവാദപ്പെട്ട ഏജൻസി/ ഡിപ്പാർട്ട്മെന്റ് |
|---|---|---|
| 1 | അസംഘടിത-അനൗപചാരിക മേഖലയിലെ തൊഴിലാളി സ്ത്രീകളുടെ ക്ഷേമത്തെ ഉന്നംവയ്ക്കുന്ന പദ്ധതികൾ മുഖ്യമായും തദ്ദേശതലത്തിൽ ആവിഷ്കരിക്കുന്നതാവും കൂടുതൽ ഗുണപ്രദം. ഇതിനു വാർഡുതലത്തിൽ, കുടുംബശ്രീ എഡിഎസ് അംഗങ്ങളുടെ മുൻകൈയിലും സിഡിഎസിന്റെ മേൽനോട്ടത്തിലും മേൽപ്പറഞ്ഞ മേഖലകളിൽ പണിയെടുക്കുന്ന സ്ത്രീകളെ സംബന്ധിച്ച് സൂക്ഷ്മവും കൃത്യവുമായ വിവരണശേഖരണം അവശ്യം നടത്തേണ്ടതുണ്ട്. | സാമൂഹ്യക്ഷേമവകുപ്പ്, കുടുംബശ്രീമിഷൻ |
| 2 | ഗാർഹികതൊഴിലാളികളെ ജോലിക്കെത്തിക്കുന്ന ഏജൻസികളിന്ന് കേരളത്തിൽ വ്യാപകമാണ്. അവയെ തദ്ദേശതലനിയന്ത്രണങ്ങൾക്കു വിധേയമാക്കുന്നതിന് അവയുമായി സംഭാഷണം ആരംഭിക്കുവാൻ തദ്ദേശഭരണസമിതികൾ തയ്യാറാകണം. | സാമൂഹ്യക്ഷേമവകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് |
| 3 | ട്രാൻസ് വനിതാതൊഴിലാളികളേയും തൊഴിലന്വേഷകരെയും രജിസ്റ്റർ ചെയ്യുക | ജില്ലാ ട്രാൻസ്ജന്റർ ക്ഷേമബോർഡ് |
| 4 | റിവോൾവിങ് ഫണ്ടുകൾ അയൽക്കൂട്ടങ്ങൾക്കു നൽകുന്നതുപോലുള്ള പ്രോത്സാഹനശ്രമങ്ങളിൽ തൊഴിലാളി സ്ത്രീകളുടെ സാന്നിദ്ധ്യം അധികമുള്ള ഗ്രൂപ്പുകൾക്കും തൊഴിലാളി സ്ത്രീകളുടേതുമാത്രമായ ഗ്രൂപ്പുകൾക്കും മുൻഗണന നൽകുക. റിവോൾവിങ് ഫണ്ട് ലഭ്യമാക്കുന്നതിന് പാലിക്കേണ്ട മാനദണ്ഡങ്ങളിൽ ഇത് ഉൾപ്പെടുത്തുക. | സാമൂഹ്യക്ഷേമവകുപ്പ്/ കുടുംബശ്രീമിഷൻ |
| 5 | നഗരതെരുവോര കച്ചവടക്കാർക്കായി രൂപകൽപന ചെയ്യപ്പെട്ട പദ്ധതിയിൽ അവശ-ഉപ വിഭാഗമെന്ന പരിഗണന സ്ത്രീകൾക്ക് നൽകുന്നതിലുപരിയായി തെരുവോരകച്ചവടത്തിന്റെ ലിംഗപരമായ മാനങ്ങളെ കൂടുതൽ സൂക്ഷ്മമായി പരിശോധിക്കാനും തദ്ദേശഭരണസ്ഥാപനങ്ങൾ തയ്യാറാകണം. | തദ്ദേശസ്വയംഭരണ വകുപ്പ് |

| | | |
|---|---|---|
| 6 | വിവാഹ സഹായം പരിമിതപ്പെടുത്തേണ്ടതുണ്ട്. അത് പൊതുഫണ്ടുകളിൽ നിന്ന് കൊടുക്കുക. വനിതാവികസനത്തിനായുള്ള ഫണ്ടുകൾ ഇതിനായി വിനിയോഗിക്കുന്നത് ശരിയല്ലെന്നു മാത്രം. | സാമൂഹ്യക്ഷേമവകുപ്പ്/ തദ്ദേശസ്വയംഭരണ വകുപ്പ് |
| 7 | വാർഡുകളിലും ഗ്രാമസഭകളിലും തൊഴിലാളി സ്ത്രീകളുടെ കാര്യമായ പങ്കാളിത്തം ഉറപ്പാക്കാനുള്ള വഴികൾ തുറക്കണം. തദ്ദേശതലത്തിൽ നിലവിലുള്ള രജിസ്റ്ററിൽ പേരു ചേർത്ത എല്ലാ സ്ത്രീകൾക്കും ട്രാൻസ് വനിതകൾക്കും പ്രത്യേക അറിയിപ്പു കൊടുക്കുക. മീറ്റിംഗ് സമയം അവർക്കു കൂടി അനുകൂലമായ വിധത്തിൽ തീരുമാനിക്കുക. ഗ്രാമസഭയിൽ വാർഡുതിരിഞ്ഞിരിക്കാതെ ഒറ്റസംഘമായി ഇരിക്കാൻ അനുവദിക്കുക-ഇത്തരം പ്രയോഗങ്ങൾ സ്ഥാപനവത്കരിക്കുക. | തദ്ദേശസ്വയംഭരണ വകുപ്പ്, പ്രാദേശികസർക്കാരുകൾ |
| 8 | ജാഗ്രതാസമിതിയുടേയും തദ്ദേശതലത്തിൽ സ്ഥാപിക്കുന്ന ജൻഡർ റിസോഴ്സ് സെന്ററുകളുടെയും നേതൃത്വത്തിൽ വർഷത്തിലൊരിക്കൽ അസംഘടിതമേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളിസ്ത്രീകളുടെ നിയമപരമായ അവകാശങ്ങളെപ്പറ്റിയുള്ള ബോധവത്കരണവും അവരനുഭവിക്കുന്ന സുരക്ഷാപ്രശ്നങ്ങളെപ്പറ്റിയുള്ള വിവരശേഖരണവും നടത്തുക. | സാമൂഹ്യക്ഷേമവകുപ്പ്, ജൻഡർ റിസോഴ്സ് സെന്ററുകൾ |
| 9 | നിലവിൽ തദ്ദേശസ്ഥാപനങ്ങളിലും കുടുംബശ്രീയിലും ലഭ്യമാക്കിയിട്ടുള്ള സൗജന്യങ്ങൾ മുതിർന്ന അസംഘടിതമേഖല തൊഴിലാളി സ്ത്രീകൾക്കും ട്രാൻസ് വനിതകൾക്കും കൂടി അനുവദിക്കുക. ഉദാഹരണത്തിന് കോഴിക്കോടു നഗരസഭ കുടുംബശ്രീ അംഗങ്ങൾക്കായി ആവിഷ്കരിക്കപ്പെട്ട സൗജന്യഔഷധ വിതരണ പദ്ധതി. | സാമൂഹ്യക്ഷേമവകുപ്പ് |
| 10 | മടങ്ങിയെത്തിയ പ്രവാസികൾക്ക് ഇപ്പോൾ മടങ്ങിയതിനു ശേഷമുള്ള പത്തു വർഷക്കാലമാണ് ക്ഷേമസഹായങ്ങൾ ലഭിക്കുന്നത്. സ്ത്രീകളായ മുൻ പ്രവാസികൾക്ക് ഇതിൽ ഇളവു നൽകേണ്ടതാണ്. ഒറ്റയ്ക്കു കുടുംബം പുലർത്തുന്ന അസംഘടിതമേഖല തൊഴിലാളി സ്ത്രീകൾ മരണമടഞ്ഞാൽ അനാഥമായിപ്പോകുന്ന കുടുംബങ്ങൾക്ക് പ്രത്യേക സഹായനിധി ഏർപ്പെടുത്തുക. | സാമൂഹ്യക്ഷേമവകുപ്പ്, പ്രവാസി ക്ഷേമബോർഡ് |

| | | |
|---|---|---|
| 11 | ഒറ്റപ്പെട്ട പാർപ്പിടങ്ങളല്ല, മറിച്ച് സമൂഹത്തിൽ ഒറ്റപ്പെട്ടുപോയവരും തൊഴിലെടുത്തു ജീവിക്കുന്നവരും അവരുടെ കുടുംബങ്ങളും കൂട്ടുചേർന്നു ജീവിക്കുന്ന പാർപ്പിടസമുച്ചയങ്ങളാണ് സൃഷ്ടിക്കേണ്ടത്. ഇത് തദ്ദേശ സ്ഥാപനത്തിന്റെ ചെലവിൽ നിർമ്മിച്ച് നാമമാത്രമായ വാടകയ്ക്ക് ദീർഘകാലാടിസ്ഥാനത്തിൽ അസംഘടിത തൊഴിലാളിസ്ത്രീകൾക്കു,പ്രത്യേകിച്ച്ഒറ്റയ്ക്കുകുടുംബം നയിക്കുന്നവരും മറ്റുതരം വിവേചനങ്ങൾ അനുഭവിക്കുന്നവരുമായ (ജാതി, ലിംഗന്യൂനപക്ഷ, പ്രായ, അനാരോഗ്യ അവസ്ഥകൾ) തൊഴിലാളി സ്ത്രീകൾക്കു നൽകുക. ഈ നിർദ്ദേശം ഏറ്റവും വ്യാപകമായി തികച്ചും ജനാധിപത്യപരമായി ചർച്ച ചെയ്തു വേണം നടപ്പിലാക്കാൻ എന്ന് എടുത്തു പറയേണ്ടതുണ്ട്. | സാമൂഹ്യക്ഷേമവകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് |
| 12 | വൃദ്ധജനങ്ങളുടെയും കുട്ടികളുടെയും പരിചരണ ഉത്തരവാദിത്വങ്ങൾ ലഘൂകരിക്കാതെ സ്ത്രീകളെ തൊഴിൽരംഗത്തേയ്ക്കു കൊണ്ടുവരാനോ, അവർക്ക് നീതി ഉറപ്പാക്കാനോ സാധ്യമല്ല. ഇതുകൊണ്ട് ക്രെഷുകളും, പകൽവീടുകളും കൗമാരക്കാർക്കുള്ള കളിയിടങ്ങളും ചേർന്നുള്ള കോംപ്ലക്സുകൾ തുടങ്ങുന്നത് കുടുംബശ്രീയുടെ ഉപജീവനപ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി എൻയുഎൽഎം പദ്ധതികൾ മുഖേന സഹായവും പരിശീലനവും ഏർപ്പെടുത്തുക. അസംഘടിതമേഖല തൊഴിലാളികളായ സ്ത്രീകൾക്ക് ഈ സൗകര്യങ്ങൾ കുറഞ്ഞ ചെലവിൽ നൽകുക. | സാമൂഹ്യക്ഷേമവകുപ്പ്, സ്ത്രീ-ശിശു വികസന വകുപ്പ് |
| 13 | പരിചരണ സൗകര്യങ്ങൾ കുറഞ്ഞ ചെലവിൽ നൽകാൻ സന്നദ്ധമായ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്നത് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് പ്രയോജനകരമായിരിക്കും. ഈ സ്ഥാപനങ്ങൾ തുടങ്ങാൻ തയ്യാറാകുന്നവർക്കും അവിടങ്ങളിൽ പരിചരണ ജോലിചെയ്യുന്നവർക്കും വിദഗ്ദ്ധ പരിശീലനം നൈപുണ്യ വികസനപദ്ധതിയുടെ ഭാഗമായി നടപ്പാക്കേണ്ടതുണ്ട് | സാമൂഹ്യക്ഷേമവകുപ്പ് |

| | | |
|---|---|---|
| 14 | അസംഘടിതമേഖല സ്ത്രീതൊഴിലാളികളുടെ മൈന റായ മക്കൾക്ക് പ്രത്യേക പരിരക്ഷ നൽകുന്ന പദ്ധതി കൾ സൃഷ്ടിക്കുക. കുട്ടികളുടെ മാനസിക സന്തുലന വും പഠനവും പരിരക്ഷിക്കുന്നതിനായി താത്കാലിക ഭവനങ്ങൾ- തണലിടങ്ങൾ-കുടുംബശ്രീയോ മഹിളാ സമഖ്യ മുഖേനയോ-അല്ലെങ്കിൽ സ്ത്രീതൊഴിലാളി സംഘടനകളുടെ മേൽനോട്ടത്തിലോ-ആരംഭിക്കുക. | സാമൂഹ്യക്ഷേമവകുപ്പ് |
| 15 | നിയമസഹായവും ഉപദേശവും തൊഴിലാളിസ്ത്രീകൾ ക്ക് സൗജന്യമായി നൽകാൻ ജന്റർ റിസോഴ്സ് സെന്റർ വഴി സൗകര്യമൊരുക്കുക. സ്ത്രീകൾക്കിടയിൽ നിയമ പരമായ സാക്ഷരത വർദ്ധിപ്പിക്കാനുള്ള പരിപാടികളിൽ തൊഴിൽ നിയമങ്ങളെപ്പറ്റിയും തൊഴിലിടത്തെ ലൈംഗിക പീഡനവിരുദ്ധ നിയമങ്ങളെപ്പറ്റിയുള്ള ക്ലാസുകളും ഉൾ പ്പെടുത്തുക. | ജന്റർ റിസോഴ്സ് സെന്റർ |
| 16 | പരിചരണസൗകര്യങ്ങൾ വീട്ടിനടുത്തോ തൊഴിലിട ത്തിനടുത്തോ ഉണ്ടാകുന്ന രീതി പ്രോത്സാഹിപ്പിക്കപ്പെ ടണം. നഗരത്തിന്റെ ഏതെങ്കിലും പ്രദേശത്ത് സ്ത്രീതൊ ഴിലാളികൾ അധികമായി ജോലിചെയ്യുന്നുണ്ടെങ്കിൽ അവരിൽ ഒരു നിശ്ചിത എണ്ണം പേർ പ്രത്യേക പരിചരണ സൗകര്യങ്ങൾ ആവശ്യപ്പെടുന്നുണ്ടെങ്കിൽ ഒരു നിശ്ചിത ദൂരപരിധിക്കുള്ളിൽ അവ ലഭ്യമാക്കാൻ നഗരസഭ തയ്യാ റാകണം. ഇത്തരം ആവശ്യങ്ങൾക്ക് നഗരസഭാപദ്ധതി നിർമ്മാണപ്രക്രിയയിൽ പ്രത്യേകപ്രാധാന്യം കല്പിക്ക ണം. | തദ്ദേശസ്വയംഭരണ വകുപ്പ്, നഗരസഭ/പഞ്ചായത്തുകൾ |
| 17 | അസംഘടിതമേഖല തൊഴിലാളികളെ സംബന്ധിച്ചിട ത്തോളം ഏറ്റവും ഗുരുതരമായ പ്രശ്നങ്ങൾ കുറഞ്ഞ കൂലി, മാന്യമായ തൊഴിൽസാഹചര്യങ്ങളുടെ (ടോയ്ലറ്റ് സൗകര്യങ്ങൾ, ഉച്ചയൂണു കഴിക്കാനും ഇടയ്ക്ക് ഇരി ക്കാനുമുള്ള സ്ഥലം) അഭാവം എന്നിവയാണ്. | തൊഴിൽ വകുപ്പ് |

| | | |
|---|---|---|
| 18 | പല വിപണനസ്ഥാപനങ്ങളും സ്ത്രീതൊഴിലാളികളെ എട്ടു മണിക്കൂറും അതിലധികവും എഴുന്നേറ്റു നിന്നു കൊണ്ടുതന്നെ ജോലിയെടുക്കാൻ നിർബന്ധിക്കുന്ന പതിവ് ഇപ്പോഴുമുണ്ട്. പൊതുപ്രതിഷേധങ്ങൾക്കു ശേഷവും ഇതു തുടരുന്നത് അത്യന്തം ഖേദകരമാണ്. ഇക്കാര്യത്തിൽ തദ്ദേശഭരണസ്ഥാപനങ്ങൾ കാര്യമായി ഇടപെടേണ്ടതുണ്ട്. | തൊഴിൽ വകുപ്പ്, തദ്ദേശഭരണ സ്ഥാപനങ്ങൾ |
| 19 | നിർമ്മാണ പ്രവർത്തനങ്ങളിൽ ഉണ്ടാവുന്ന പുതിയ തൊഴിലവസരങ്ങൾ ഇപ്പോഴധികവും പ്രയോജനപ്പെടുത്തുന്നത് സ്വകാര്യ ഏജൻസികളാണ്. അതാതു പ്രദേശത്തെ സ്ത്രീകൾക്ക് ഈ അവസരം ലഭ്യമാക്കാൻ തദ്ദേശഭരണസ്ഥാപനം മുൻകൈ എടുക്കണം. വീട്ടുജോലി ചെയ്യാൻ തയ്യാറുള്ള സ്ത്രീകളുടെ രജിസ്റ്റർ തയ്യാറാക്കുകയും ആ ലിസ്റ്റിൽ നിന്നു തന്നെ സ്ത്രീ തൊഴിലാളികളെ നിയമിക്കാൻ ഫ്ളാറ്റ് നിർമ്മാതാക്കളെയും താമസക്കാരെയും പ്രേരിപ്പിക്കണം. | തദ്ദേശഭരണ സ്ഥാപനങ്ങൾ |
| 20 | ഇപ്പോൾ തദ്ദേശഭരണസ്ഥാപനങ്ങൾ നടത്തിവരുന്ന പല പദ്ധതികളിലും കുടുംബശ്രീവനിതകൾ വളരെ കുറഞ്ഞ വേതനത്തിന് ജോലിചെയ്യുന്നുണ്ട്. ഈ ജോലികൾക്കു പലപ്പോഴും ന്യായമായ വേതനം ലഭിക്കുന്നില്ല. കുടുംബശ്രീവനിതകൾ, പ്രത്യേകിച്ച് ഭാരവാഹികൾ, വികസനരംഗത്തെ അസംഘടിത തൊഴിലാളികളാണ്. അവർ തദ്ദേശഭരണസ്ഥാപനത്തിനായി ചെയ്തുവരുന്ന ജോലികൾക്കു മിനിമം കൂലി ഉറപ്പാക്കണം. | തൊഴിൽ വകുപ്പ്, തദ്ദേശഭരണ സ്ഥാപനങ്ങൾ |
| 21 | ട്രാൻസ് വനിതാതൊഴിലാളികളും തൊഴിലന്വേഷകരും മുതിർന്ന പൗരികളായ തൊഴിലാളിവനിതകളും തദ്ദേശഭരണസ്ഥാപനത്തിന്റെ പ്രത്യേക ശ്രദ്ധ അർഹിക്കുന്നു. അവർക്ക് തൊഴിലവസരങ്ങൾ ഉറപ്പാക്കാനും തൊഴിൽ സുരക്ഷ ഉറപ്പുവരുത്താനുമുള്ള ചുമതല ഔദ്യോഗികമായിത്തന്നെ ക്ഷേമകാര്യ സ്റ്റാന്റിങ് കമ്മറ്റികൾക്ക് കൊടുക്കുക.ട്രാൻസ്‌വനിതാതൊഴിലാളികൾക്ക്‌താമസത്തിന്റെ പ്രശ്നം അതിരൂക്ഷമാണ്. അതു പരിഹരിക്കാനുള്ള ചുമതലയും തദ്ദേശഭരണസ്ഥാപനത്തിന് ഔദ്യോഗികമായി കൊടുക്കുക. | തദ്ദേശഭരണ സ്ഥാപനങ്ങൾ, സാമൂഹ്യക്ഷേമവകുപ്പ് |

| | | |
|---|---|---|
| 22 | കുടിയേറ്റക്കാരും കുടിയേറാൻ താത്പര്യപ്പെടുന്ന വരായ സ്ത്രീകളുടെയും സംഖ്യ കൂടുതലായി കാണപ്പെ ടുന്ന സ്ഥലങ്ങളിൽ തദ്ദേശഭരണസ്ഥാപനത്തിലെ ജന്റർ റിസോഴ്സ് സെന്ററുകളിൽ കുടിയേറ്റസാദ്ധ്യതകളെ പ്പറ്റി വിവരങ്ങൾ നൽകാനും വിദേശത്തു തൊഴിൽ സാദ്ധ്യതകൾക്കനുസൃതമായ തൊഴിൽപരീശീലനവും നൽകാനുള്ള സൗകര്യങ്ങൾ ആരംഭിക്കാവുന്നതാണ്. ഗാർഹിക ജോലിക്കാർക്കായുള്ള സവിശേഷ പരിശീ ലനം-അറബിഭാഷാപഠനം, പുതിയതരം ഗാർഹികോപ കരണങ്ങൾ ഉപയോഗിക്കാനുള്ള പരിശീലനം മുതലാ യവ-ഇവിടെ നൽകാവുന്നതാണ്. ഇതിനായി മടങ്ങി വന്ന പ്രവാസി സ്ത്രീതൊഴിലാളികളുടെ മേൽനോ ട്ടത്തിൽ പ്രത്യേക നോഡൽ ഓഫീസ് ആരംഭിക്കാവു ന്നതാണ്. | തദ്ദേശഭരണ സ്ഥാപനങ്ങൾ, പ്രവാസി ക്ഷേമ വകുപ്പ് |
| 23 | സാംസ്കാരിക പ്രവർത്തനങ്ങൾക്കായുള്ള ഫണ്ടു കളിൽ നിന്ന് ഒരു നിശ്ചിതശതമാനം സ്ത്രീകളുടെ അവകാശങ്ങളെപ്പറ്റി അവബോധമുണ്ടാക്കുന്ന ഫിലിം ഫെസ്റ്റിവലുകൾ, നാടകങ്ങൾ, ചർച്ചകൾ, പോസ്റ്റർ പ്രദർശനങ്ങൾ, ശില്പശാലകൾ മുതലായവ സംഘടി പ്പിക്കുന്നതിനായി വിനിയോഗിക്കേണ്ടതാണ്. | സാംസ്കാരിക വകുപ്പ് |
| 24 | പലപ്പോഴും വളരെ ദൂരം സഞ്ചരിച്ച് ജോലിക്കു പോകേ ണ്ടി വരുന്നത് സ്ത്രീകളുടെ വരുമാനത്തിൽ കാര്യമായ കുറവു വരുത്തുന്നു. ഇരുചക്രവാഹനങ്ങൾ വാങ്ങാനു ള്ള സഹായവും അവ ഓടിക്കാനുള്ള പരിശീലനവും സ്ത്രീതൊഴിലാളികൾക്കും അതിലുപരി ട്രാൻസ്വനിത കൾക്കും ലഭ്യമാക്കാവുന്നതാണ്. | സാമൂഹ്യക്ഷേമവകുപ്പ് |
| 25 | അസംഘടിതമേഖല സ്ത്രീതൊഴിലാളികളിൽ വാർദ്ധ ക്യത്തിലെത്തിയവരെ ചെറുകിട സംരംഭങ്ങളിലേക്കു നീങ്ങാൻ സഹായിക്കുന്ന പ്രത്യേക ക്ഷേമപദ്ധതികൾ ആവശ്യമാണ്. | സാമൂഹ്യക്ഷേമവകുപ്പ് |

**Centre for Development Studies**
(Under the aegis of Govt. of Kerala & Indian Council of Social Science Research)
Prasanth Nagar Road, Ulloor, Thiruvananthapuram - 695 011, Kerala, India
Tel : +91 - 471 - 2774200, 2448881, Fax : +91 - 471 - 2447137
Website : www.cds.edu